# 7

# ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും ഉറവിടമാണ്, ക്രിസ്തു

## കൊലൊസ്സ്യർ 2:1- 7

2:1–7 ൽ, കൊലൊസ്യർ ദൈവപരിജ്ഞാനത്തിൽ വളരുവാനും, സ്നേഹ ത്തിൽ വേരൂന്നി ഐകമത്യത്തിൽ ഇരിപ്പാനും താൻ അവരെ പ്രോൽസാഹി പ്പിച്ചുണർത്തുവാൻ ആഗ്രഹിക്കുന്നതായി പറയുന്നു. അവർക്ക് ആവശ്യമായ എല്ലാ ആത്മികാനുഗ്രഹങ്ങളും അവർക്ക് ക്രിസ്തുവിൽ കാണാം. അതുകൊ ണ്ട്, വിശ്വസ്തതയോടുകൂടെ അവനെ വിട്ടു മാറാതെ അവർ അവനെ അനു ഗമിക്കണമായിരുന്നു.

### പൗലൊസിന്റെ ആഗ്രഹം: ദൈവമർമ്മം അവർ മുഴുവനായും മനസിലാക്കണം (2:1, 2)

**[1]നിങ്ങൾക്കും ലവൊദിക്യയിലുള്ളവർക്കും ജഡത്തിൽ എന്റെ മുഖം കണ്ടിട്ടില്ലാത്ത എല്ലാവർക്കും വേണ്ടി, [2]അവർ ക്രിസ്തു എന്ന ദൈവമർമ്മ ത്തിന്റെ പരിജ്ഞാനവും വിവേകപൂർണ്ണതയുടെ സമ്പത്തും പ്രാപിപ്പാന്തക്ക വണ്ണം സ്നേഹത്തിൽ ഏകീഭവിച്ചിട്ട് ഹൃദയങ്ങൾക്ക് ആശ്വാസം ലഭിക്കേണം എന്നു വെച്ച് ഞാൻ എത്ര വലിയ പോരാട്ടം കഴിക്കുന്നു എന്നു നിങ്ങൾ അറിയുവാൻ ഞാൻ ഇഛിക്കുന്നു.**

### "ഞാൻ എത്ര വലിയ പോരാട്ടം കഴിക്കുന്നു എന്നു നിങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു" (2:1)

**ഫോർ** (*ഗാർ*) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതിനാൽ പൗലൊസ് വാസ്തവത്തിൽ തന്റെ ചിന്ത തുടരുകയാണ്, അതിന്റെ അർത്ഥം "വിശദീ കരണമായി" എന്നാണ്. "സകല മനുഷ്യരേയും ക്രിസ്തുവിൽ തികഞ്ഞവ രാക്കി നിറുത്തുക" എന്നതാണ് ലക്ഷ്യമെന്നു 1:28 ൽ പറഞ്ഞിരുന്നു. അത് കൊലൊസ്യരിലും മറ്റുള്ളവരിലും, 2:2 ൽ പറഞ്ഞിരിക്കുന്ന ഗുണങ്ങൾ വളർത്തിയെടുക്കുന്നതിനാൽ, സാധ്യമാക്കാവുന്നതാണ്. അക്കാരണത്താൽ, കൊലൊസ്യർക്കുവേണ്ടിയും, ലവൊദിക്യക്കാർക്കു വേണ്ടിയും, മറ്റുള്ളവർക്കു വേണ്ടിയും പൗലൊസിനു വലിയ പോരാട്ടം കഴിക്കേണ്ടിവന്നു. അവർക്കു തമ്മിലുള്ള ബന്ധത്തെ ആണ് 1:28 മുതൽ 2:1 വരെ പ്രതിപാദിച്ചിരിക്കുന്നത്.

**പോരാട്ടം** (*അഗോൺ*)[1] എന്ന വാക്കിന്റെ അർത്ഥം, സ്ഥിരവും കഠിനവു മായ അദ്ധ്വാനത്തെയാണ് അത് സൂചിപ്പിക്കുന്നത്. ചിലപ്പോൾ പ്രവർത്തന രംഗത്തിലെ മൽസരവുമായ ബന്ധത്തിലും ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട്.

അതേ മൂല വാക്കിൽനിന്നാണ് 1:29 ൽ പറഞ്ഞിരിക്കുന്ന "പോരാട്ടം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. പൗലൊസ് തന്റെ സഹക്രിസ്ത്യാനികളുടെ ആത്മികമായ ക്ഷേമത്തിനായി എത്ര ഉൽസാഹത്തോടെ പ്രവർത്തിച്ചിരുന്നു എന്നാണ് അത് ചിത്രീകരിക്കുന്നത്.

### "നിങ്ങൾക്കും ലവൊദിക്യയിലുള്ളവർക്കും വേണ്ടി" (2:1)

പൗലൊസിന്റെ ലേഖനങ്ങളിലെല്ലാം ശക്തമായ വികാരം പ്രകടിപ്പിച്ചിരിക്കുന്നു.[2] പൗലൊസിന് മറ്റുള്ളവരോട് ദീനാനുകമ്പയോ, മനസലിവോ ഇല്ല എന്നു കാണുന്നവർ അവന്റെ ആ വശങ്ങൾ തെറ്റിദ്ധരിച്ചിരിക്കയാണ് എന്നു നിസംശയം പറയാം. അതുപോലെ പൗലൊസിനെ ഒരിക്കലും കണ്ടിട്ടില്ലാത്തവർക്ക് അവൻ അവരുടെ ആത്മികമായ ആവശ്യങ്ങളെ കുറിച്ച് എത്രമാത്രം കരുതലുള്ളവനാണെന്ന് തിരിച്ചറിയുവാൻ കഴിയുകയില്ല. അവരുടെ ആത്മിക-മായ ആവശ്യങ്ങളിൽ പൗലൊസിനുണ്ടായിരുന്ന തീവ്രമായ വികാരവും താൽപര്യവും അവൻ പുറത്തു കാണിക്കുകയായിരുന്നു.

തന്റെ പ്രവൃത്തികളോട് പൗലൊസിന്റെ മനോഭാവം എന്തായിരുന്നു? തനിക്കു കഴിയുന്നവരെയെല്ലാം കണ്ടെത്തുക എന്നതായിരുന്നു പൗലൊസിന്റെ ദൗത്യം (റോമ. 1:14, 15)-തനിക്കു കാണുവാൻ കഴിയാത്തവരെ ലേഖനങ്ങളിൽകൂടെ അവൻ ബന്ധപ്പെട്ടിരുന്നു. അവൻ എഴുതി, "നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു; ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം" (1 കൊ. 9:16).

പൗലൊസിന് **ലവൊദിക്യ**[3] സഭയെ കുറിച്ച് കരുതലുണ്ടായിരുന്നു, അത് കൊലൊസ്യയിൽനിന്നു പന്ത്രണ്ടു മൈൽ പടിഞ്ഞാറായി സ്ഥിതി ചെയ്തിരുന്നു. വർഷങ്ങൾ കഴിഞ്ഞപ്പോൾ, ആ ഇടവക ഭൗതികമായി സമ്പൽ സമൃദ്ധി പ്രാപിച്ചുവെങ്കിലും, ശീതോഷ്ണാവസ്ഥയിലാവുകയും, ആത്മിയമായി ദാരിദ്ര്യാവസ്ഥയിലെത്തുകയും ചെയ്തു (വെളി. 3:14-22). യേശു അവരെ ആലങ്കാരികമായി തന്റെ വായിൽനിന്ന് ഉമിണ്ണുകളയുമെന്ന് പറയുന്ന അവസ്ഥയിലേക്ക് അവർ തരംതാണു പോയി.

### ''എന്റെ മുഖം കണ്ടിട്ടില്ലാത്ത എല്ലാവർക്കും വേണ്ടി" (2:1)

കൊലൊസ്യയിലുള്ള ക്രിസ്ത്യാനികൾ ആരും തന്റെ മുഖം കണ്ടിട്ടില്ല എന്നല്ല പൗലൊസ് അർത്ഥമാക്കിയത്. അവൻ മൂന്നു കൂട്ടം ആളുകളെയാണ് സംബോധന ചെയ്തത്. "നിങ്ങൾക്ക് വേണ്ടി" വലിയ പോരാട്ടം കഴിച്ചു എന്നു പറയുന്നത് കൊലൊസ്യർക്കും, ''ലവൊദിക്യയിലുള്ളവർക്കും''; പിന്നെ "വ്യക്തിപരമായി [അവന്റെ] മുഖം കണ്ടിട്ടില്ലാത്ത" എല്ലാവർക്കും വേണ്ടിയായിരുന്നു. മൂന്നാമത്തെ സംഘത്തിൽ അവൻ ഉൾപ്പെടുത്തിയിരിക്കുന്നത് ഒന്നും രണ്ടും സംഘത്തിലെ ചിലരും പൗലൊസ് കണ്ടിട്ടില്ലാത്തവരും ആണ്. അത് വാസ്തവമാണെങ്കിൽ, ലൂക്കസ് താഴ്വരയിലെ ചിലർ അവനെ കണ്ടിരുന്നു, എന്നാൽ ഭൂരിഭാഗം പേരും കണ്ടിട്ടില്ലായിരുന്നു.

**വ്യക്തിപരമായി** എന്നത് ഗ്രീക്കിൽ തർജിമ ചെയ്തിരിക്കുന്ന വാക്ക് *മൗ എൻ സാർക്കി*, (അക്ഷരികമായി "എന്റെ ജഡത്തിൽ" എന്നാണ്), "ജഡത്തിൽ" [അവന്റെ] **മുഖം** കാണാത്തവർ എന്നർത്ഥം. തന്നെ കുറിച്ചു കേട്ടവരെയും തന്നെ കണ്ടവരെയും അവൻ വേർതിരിച്ചു കാണിക്കുകയായിരുന്നു.

**''അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ലഭിക്കേണ്ടതിന്നു" (2:2)**

മറ്റുള്ളവരെ ആത്മികമായി ഉത്തേജിപ്പിക്കുന്നതിനായിരുന്നു പൗലൊസിന്റെ തീവ്രമായ ശ്രമം. അവരുടെ ഭൗതിക ക്ഷേമത്തേക്കാൾ ഹൃദയങ്ങൾക്ക് ആശ്വാസം ലഭിക്കണം എന്നായിരുന്നു പൗലൊസിന്റെ ആഗ്രഹം. **ഹൃദയങ്ങൾ** (*കാർഡിയായി*) ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത് ഒരു വ്യക്തിയുടെ ആന്തരിക ജീവ കേന്ദ്രമായിട്ടാണ്. ബൈബിളിൽ ഒരിക്കൽ മാത്രമാണ് ഭൗതിക ശരീരത്തിലെ രക്തം പമ്പ് ചെയ്യുന്ന ബ്യദയമായി പറഞ്ഞിരിക്കുന്നത് (2 ശമു. 18:14; LXX). ഒരു വ്യക്തിയുടെ ആന്തരിക ഭാഗമായി പറഞ്ഞിരിക്കുന്നതിനു പുറമെ, ഭൗതിക കേന്ദ്രം എന്ന നിലയിൽ "ഭൂമിയുടെ ഹൃദയം" എന്നു ഉപയോഗിച്ചിട്ടുണ്ട് (മത്താ. 12:40).

പുതിയ നിയമത്തിൽ, മനുഷ്യ "ഹൃദയം" എന്നു പറയുമ്പോൾ, *കാർഡിയ* ഉപയോഗിച്ചിരിക്കുന്നത് ഒരാൾ ചിന്തിക്കുന്ന, മാനസികമായ, ബുദ്ധിപരമായ, ആത്മികമായ കേന്ദ്രത്തെ (മത്താ. 9:4), മനസിലാക്കുന്ന (മത്താ. 13:15), വിവേചിക്കുന്ന (മർ. 2:6), സംശയിക്കുന്ന (മർ. 11:23), ഊഹിക്കുന്ന (ലൂക്കൊ. 1:51), അന്വേഷിക്കുന്നവർ (ലൂക്കൊ. 2:19), അതിശയിക്കുന്നവർ (ലൂക്കൊ. 3:15), മോഹിക്കുന്ന (റോമ. 1:24), വിശ്വസിക്കുന്ന (റോമ. 10:10), വഞ്ചിക്കുന്ന (റോമ. 16:18), കുറ്റം വിധിക്കുന്ന (1 യോഹ. 3:21) ഭാഗത്തെയാണ് സൂചിപ്പിക്കുന്നത്. അതിൽ വികാരപരമായ സ്നേഹത്തെയും ഉൾപ്പെടുത്താം (മത്താ. 22:37), ദുഃഖിക്കുന്ന (മർ. 3:5), കലങ്ങുന്ന (യോഹ. 14:1), ദുഃഖം (യോഹ. 16:6), സന്തോഷിക്കുന്ന (പ്രവൃ. 2:26), വേദനിക്കുന്ന (2 കൊ. 2:4), പ്രോൽസാഹിപ്പിക്കുന്ന ഭാഗമായും പറയാം (കൊലൊ. 4:8). അതിൽ, ഇഷ്ടം, ലക്ഷ്യമിടുന്ന കേന്ദ്രം (പ്രവൃ. 11:23) ഉദ്ദേശം (എബ്രാ. 4:12) എന്നിവയുടെയും ഭാഗമാണ്.

ആ ആളുകളുടെ ആത്മിക ജീവിതത്തെയും, ഹൃദയങ്ങളെയും ശക്തിപ്പെടുത്തുവാനാണ് പൗലൊസ് ആഗ്രഹിച്ചത്. ഭൗതിക ഗുണങ്ങൾ പ്രാധാന്യമുള്ളതാണ്, എന്നാൽ ആന്തരികവ്യക്തിയുടെ, അതായത് "ഹൃദയത്തിന്റെ ഗൂഢമനുഷ്യന്റെ" (1 പത്രൊ. 3:4) അത്ര പ്രാധാന്യം അതിനില്ല. ബാഹ്യപ്രത്യക്ഷതയേക്കാൾ ദൈവം നോക്കുന്നത് ഹൃദയങ്ങളെയാണ്.[4] ശലോമോന്റെ പ്രബോധനം പ്രാധാന്യമുള്ളതാണ്: "സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലൊ ആകുന്നത്" (സദൃശ. 4:23). മനുഷ്യൻ ഭൗതികമായ നിലനിൽപിന് വേണ്ടിയുള്ള അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വചനമായ ആത്മിയ ആഹാരം കൊണ്ടുകുടെയാണ് ജീവിക്കുന്നത് (മത്താ. 4:4).

**"സ്നേഹത്തിൽ ഏകീഭവിച്ച്" (2:2)**

**ഏകീഭവിച്ച്** എന്നത് തർജിമ ചെയ്തിരിക്കുന്ന മുല വാക്ക് (*സുംബിബാസോ*) സൂചിപ്പിക്കുന്നത്, "ഒന്നിച്ചു കൊണ്ടുവരിക," അതായത്, ഒരു പോയിന്റ് തെളിയിക്കുവാനുള്ള ചിന്ത (പ്രവൃ. 9:22), ഒരു തീർപ്പിലെത്തുക (പ്രവൃ. 16:10), ഒരു പാഠം പഠിപ്പിക്കുക (1 കൊ. 2:16), അല്ലെങ്കിൽ ആളുകളെയോജിപ്പിക്കുക (എഫെ. 4:16; കൊലൊ. 2:2, 19). പൗലൊസ് കൊലൊസ്യ ലേഖനത്തിൽ അഞ്ചു പ്രാവശ്യം *അഗാപെ* ഉപയോഗിച്ചിരിക്കുന്നതിൽ നാലാമത്തേതാണ് ഇത് (1:4, 8, 13 ["പിയ"]; 3:14 നോക്കുക).

ആളുകളെ ഒന്നിച്ചു ചേർക്കുന്ന യോനാഥാന് ദാവീദിനോടുള്ള സ്നേഹം നമുക്ക് അതിനു മാതൃകയായി എടുക്കാവുന്നതാണ് (1 ശമു. 18:1). യോനാ

ഥാനും ദാവീദിനും തമ്മിൽ ഉണ്ടായിരുന്ന അടുപ്പവും കരുതലും ക്രിസ്ത്യാനികൾക്ക് തമ്മിൽ തമ്മിൽ ഉണ്ടായിരിക്കണം. നീണ്ടുനിൽക്കുന്ന സ്നേഹവും സഹിഷ്ണുതയോടുകൂടിയ ആശ്രയവുമാണ് ഐക്യതക്ക് ആവശ്യം.

ഒരാട്ടിൻ കൂട്ടവും ഒരു ഇടയനുമാകും എന്നാണ് യേശു പഠിപ്പിച്ചത് (യോഹ. 10:16). എല്ലാ വിശ്വാസികളുടേയും ഐക്യതക്കുവേണ്ടി യേശു പ്രാർത്ഥിച്ചു (യോഹ. 17:20, 21). ഭിന്നിക്കരുത് എന്നു പൗലൊസ് ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചിരുന്നു (1 കൊ. 1:10), ഐക്യത നിലനിർത്തുവാൻ അന്യോന്യം സഹിക്കുകയും, സ്നേഹിക്കുകയും, സൗമ്യതയും, ക്ഷമയും ഉള്ളവരായിരിക്കണം (എഫെ. 4:1-3). ദൈവം ഐക്യത സാധ്യമാക്കിയിരിക്കുന്നത് "ശരീരം ഒന്ന്, ആത്മാവ് ഒരുവൻ, നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി വിളിച്ചതുപോലെയുമാണ്" (എഫെ. 4:4-6). ലോകത്തിന്റെ ആദ്യപാഠങ്ങളെ പഠിപ്പിച്ചുകൊണ്ടോ അല്ലെങ്കിൽ പാരമ്പര്യം പ്രമാണിച്ചുകൊണ്ടോ ഐക്യത കൈവരിക്കുവാൻ സാധ്യമല്ല, മറിച്ച് ക്രിസ്തുവിന്റെ ഉപദേശം അനുസരിച്ചാൽ മാത്രമെ അത് സാധ്യമാകയുള്ളു (കൊലൊ. 2:8). തന്റെ സ്വഭാവത്തിൽ ആളുകൾ പക്വത ആർജിക്കുമ്പോഴാണ് ക്രിസ്തു അവരെ ഒന്നാക്കി തീർക്കുന്നത് (എഫെ. 4:13).

വിശ്വസ്ത ക്രിസ്ത്യാനികളുടെ ഐക്യതയായിരിക്കണം ഓരോ വിശ്വാസിയുടേയും ലക്ഷ്യം. ലോകത്തിന്റെ ഐക്യതയോ, അല്ലെങ്കിൽ, ക്രിസ്തുവിന്റെ ഉപദേശത്തിൽ പെടാത്ത പരിശീലനങ്ങളോ, മനോഭാവങ്ങളോ, ധാർമ്മികതയോ അല്ല നമുക്ക് ആവശ്യം (റോമ. 16:17; 2 കൊ. 6:14-17).

### "പരിജ്ഞാനവും വിവേകപൂർണ്ണതയുടെ സമ്പത്തും പ്രാപിപ്പാന്തക്കവണ്ണം" (2:2)

വാസ്തവത്തിലുള്ള **സമ്പത്ത്,** പൗലൊസ് പറഞ്ഞതനുസരിച്ച്, അത് പണത്തിലോ, ഭൗതികമായി വിലയുള്ളതിലോ കാണുകയില്ല. "സമ്പത്ത്" (*പ്ലൗടോസ്*), 1:27 ലും പറഞ്ഞിരിക്കുന്നത്, **വിവേകം** (*സുനേസിസ്*) എന്നു കാണാം. കൊലൊസ്യർക്ക് പരിജ്ഞാനവും വിവേകവും ഉണ്ടാകുവാനായിരുന്നു പൗലൊസ് ദൈവത്തോട് പ്രാർത്ഥിച്ചത് (1:9, 10). ഭൗതിക സമ്പാദ്യത്തിനു പകരം, ക്രിസ്ത്യാനികൾ, സ്വർഗീയ ധനവും, ആത്മിക നിക്ഷേപങ്ങളും, നിത്യമായ അനുഗ്രഹങ്ങളുമാണ് അന്വേഷിക്കേണ്ടത് (മത്താ. 6:20; 1 തിമൊ. 6:19).

അജ്ഞത ഭദ്രതയില്ലായ്മയിലേക്കും, ഗ്രഹിക്കൽ നമ്മെ വിശ്വാസത്തിലേക്കും നയിക്കും. തന്റെ പദ്ധതിയും ഉദ്ദേശവും വെളിപ്പെടുത്തി നമുക്ക് ഉൾക്കാഴ്ച്ച നൽകുന്നതാണ് ദൈവത്തിന്റെ വചനം. "ഈ ലോകത്തിലേയും വരുവാനുള്ള ലോകത്തിലേയും വാഗ്ദാനങ്ങളെ കുറിച്ച് ക്രിസ്ത്യാനിക്ക് ഉറപ്പ് നൽകുന്നത് വചനത്തെ കുറിച്ചുള്ള പരിജ്ഞാനമാണ്" (1 തിമൊ. 4:8). ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ വില ക്രിസ്ത്യാനികൾക്ക് ഉറപ്പിക്കാം. സ്നേഹത്താൽ ദൈവത്തിന്റെ മനസ് കാണുവാൻ സഹായിക്കുന്ന നിക്ഷേപങ്ങളാണ് ക്രിസ്തുവിന്റെ ഉപദേശത്തിലുള്ളത്.

കൂടാതെ, "അജ്ഞതയുടെ" ഇരുട്ടിൽ കഴിയുന്നവർ രക്ഷിക്കപ്പെടാത്ത അവസ്ഥയിലാണ് ജീവിക്കുന്നത് (റോമ. 10:1-3). അവർ ദൈവത്തിന്റെ ജീവനിൽനിന്നും അകന്നാണ് ഇരിക്കുന്നത് (എഫെ. 4:17, 18). ഒരു വ്യക്തിക്കു ദൈവവുമായി ബന്ധപ്പെടുവാൻ ആവശ്യമായ ഘടകമാണ് മനസിലാക്കൽ.

**"ക്രിസ്തു എന്ന ദൈവപരിജ്ഞാനത്തിന്റെ മർമ്മം" (2:2)**

ക്രിസ്ത്യാനികൾക്ക് ഒരു മനസിലാക്കൽ നിലവാരം ആവശ്യമാണ്. മർമ്മത്തിന്റെ വാസ്തവത്തിലുള്ള **പരിജ്ഞാനം**-യേശുവും അവൻ നൽകുന്ന രക്ഷയുമാണ്-അത് ദൈവം വെളിപ്പെടുത്തിയ മർമ്മം മനസിലാക്കലിന്റെ ഫലമായി ലഭിക്കുന്നതാണ്. **ദൈവത്തിന്റെ മർമ്മം എന്നത് ക്രിസ്തു തന്നെ** എന്നത് ഗ്രീക്കിൽ നിന്നു വിവിധ രീതിയിൽ തർജിമ ചെയ്യുവാൻ കഴിയും:

> ഗ്രീക്ക് വേദഭാഗം ചുരുങ്ങിയത് നാല് വിധത്തിൽ മനസിലാക്കാം: (1) "ദൈവത്തിന്റെ മർമ്മം എന്നത് ക്രിസ്തുവാണ്," അതിൽ "ക്രിസ്തു" "ദൈവം" എന്ന വാക്കിനോട് സംയോജിപ്പിച്ചതാണ്. (2) "ദൈവത്തിന്റെ ക്രിസ്തുവാണ് മർമ്മം," എന്നാൽ "ക്രിസ്തു" എന്നതിനു മുൻപ് ഡെഫനിറ്റ് ആർട്ടിക്കിൾ ഇല്ലാത്തതിനാൽ അത് അസാധ്യമായേക്കാം. (3) "ക്രിസ്തു ദൈവമെന്ന മർമ്മം" (അല്ലെങ്കിൽ, "ദൈവമായ ക്രിസ്തു"), അതിനു [പുതിയ നിയമത്തിൽ] സമാന്തര വേദഭാഗങ്ങളില്ല, (4) "ദൈവത്തിന്റെ മർമ്മം, അതാണ് ക്രിസ്തു," അതിൽ "ക്രിസ്തു" എന്ന വാക്കാണ് ആ പ്രയോഗമായ "ദൈവത്തിന്റെ മർമ്മം" എന്നതിനോട് മുഴുവനും സംയോജിപ്പിച്ചിരിക്കുന്നത്. ആധുനിക വ്യാഖ്യാതാക്കളിലും തർജിമക്കാരിലും ഭൂരിഭാഗം പേരും സ്വീകരിച്ചിരിക്കുന്നത് അവസാനത്തെ പോയിന്റാണ്.[5]

എച്ച്. സി. ജി. മൗളും മറ്റു പലരും ഈ തീർപ്പിനോട് യോജിക്കുന്നവരാണ്. വിവിധ സാധ്യതകൾ ചർച്ച ചേയ്ത ശേഷം മൗൾ പറഞ്ഞു, "ആകയാൽ, ദൈവത്തിന്റെ മർമ്മമായ ക്രിസ്തു, നമുക്ക് അതിശയം തന്നെയാണ്."[6] മുൻകാലങ്ങളിൽ മറെച്ചുവെച്ച മർമ്മമായിരുന്നു യേശു എന്ന് അവന്റെ ജീവിതത്തിലും ഉപദേശത്തിലും നമുക്ക് കാണുവാൻ കഴിയും. അവന്റെ വരവിനെ കുറിച്ചും അവന്റെ പ്രവൃത്തികളുടെ സ്വഭാവത്തെ കുറിച്ചും പഴയനിയമപ്രവചനങ്ങളിൽ സൂചനകൾ നൽകിയിരുന്നു, എന്നാൽ അവൻ ലോകത്തിൽ വരുന്നതുവരെ അത് ഒരു മൂടുപടമായി തന്നെ കിടന്നിരുന്നു. ദൈവത്തിന്റെ വാസ്തവത്തിലുള്ള പരിജ്ഞാനം ഇപ്പോൾ യേശുവിൽ ലഭ്യമാണ്: "ദൈവം ... യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന്നു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു" (2 കൊ. 4:6).

"മർമ്മം" (*മസ്റ്റെരിയോൻ*) എന്ന വാക്ക് ഈ ലേഖനത്തിൽ നാല് പ്രാവശ്യം കാണാം (1:26, 27; 2:2; 4:3). ഇംഗ്ലീഷിൽ അതിന്റെ അർത്ഥം അൽപം വ്യത്യാസമുണ്ട്, അത് പൊതുവിൽ അർത്ഥമാക്കുന്നത്, രഹസ്യമായ, വിശദമാക്കുവാനോ അല്ലെങ്കിൽ മനസിലാക്കുവാനോ പ്രയാസമായത് എന്നാണ്. ദൈവിക വെളിപ്പാടിനാൽ മാത്രം മനസിലാകുന്ന ഒന്നായിട്ടാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്, അല്ലാതെ മാനുഷിക വിവേചനത്താൽ അറിയുവാൻ സാധ്യമല്ല.

ഗ്രീക്ക്, റോമൻ സംസ്ക്കാരത്തിൽ, "മർമ്മം" എന്ന വാക്ക് മഹസ്യാത്മകമായ മതങ്ങൾക്ക് ഉപയോഗിച്ചിരുന്നു. അവരുടെ ചടങ്ങുകൾ, അവരുടെ ദേവന്മാരെ കുറിച്ചും ദേവിമാരെ കുറിച്ചുമുള്ള കഥകൾ, നിഗൂഢ നാടകങ്ങൾ പോലെയായിരുന്നു. അവരുടെ അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നവർ, ആ അടയാളങ്ങളും സൂത്രങ്ങളും ശ്രദ്ധയോടെ പഠിക്കണമായിരുന്നു. ആ മതങ്ങ

ളിൽ അംഗത്വം വേണമെന്നുള്ളവർ അവരുടെ ദേവന്മാരുടെ കഷ്ടതയിലും, മരണത്തിലും പങ്കുകാരാകുകയും, അവ കാണുകയും ചെയ്യണമായിരുന്നു. പുറത്തുള്ളവർക്ക് അവ അർത്ഥശൂന്യമായി തോന്നും; എന്നാൽ, അങ്ങനെ ചെയ്യുന്നവർക്ക് അത് താൽപര്യം ജനിപ്പിക്കുന്നതും, ആ അനുഭവത്തിൽകൂടെ അവരുടെ സ്വഭാവത്തിന് മാറ്റമുണ്ടാകുമെന്നും കരുതുന്നു.

വെളിപ്പെടുത്താത്ത ദൈവരാജ്യത്തെ കുറിച്ചുള്ള പ്രവചന സ്വഭാവത്തെ പറയുന്നതിനാണ് യേശു മസ്റ്ററിയോൻ എന്ന വാക്ക് ഉപയോഗിച്ചത് (മത്താ. 13:11). ക്രിസ്തുവിൽകൂടെ നടപ്പിലാക്കുന്ന ദൈവപദ്ധതി മുൻകാലങ്ങളിൽ മറഞ്ഞിരുന്നുവെങ്കിലും, തന്റെ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും അത് ആത്മാവിനാൽ വെളിപ്പെടുത്തി (റോമ. 16:25; എഫെ. 3:4, 5). മറ്റുള്ളവരോടൊപ്പം പൗലൊസിനും ആ വെളിപ്പാട് ലഭിച്ചിരുന്നു (1 കൊ. 4:1; എഫെ. 1:9; 3:3).

## അവന്റെ വെളിപ്പാട്: ക്രിസ്തുവിലുള്ള പരിജ്ഞാനവും വിവേകപൂർണ്ണതയും (2:3, 4)

**3അവനിൽ ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ട് ഇരിക്കുന്നു. 4വശീകരണവാക്കുകളാൽ ആരും നിങ്ങളെ ചതിക്കാതിരിപ്പാൻ ഞാൻ ഇതു പറയുന്നു.**

### "അവനിൽ ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ഗുപ്തമായിട്ട് ഇരിക്കുന്നു" (2:3)

**ഗുപ്തമായിരിക്കുക** (*അപോക്രുഫോയി*) എന്നത് ഇംഗ്ലീഷ് വാക്കുകളായ "അപോക്രിഫാ," "അപോക്രിഫൽ" എന്നതിന്റെ അടിസ്ഥാനമാണ്. ആത്മിക **നിക്ഷേപവും ജ്ഞാനവുമാണ്** പൗലൊസ് പറയുന്നത്. ബാങ്കുകളും ഖജനാവും ഉണ്ടാകുന്നതിനുമുൻപ് വിലപിടിപ്പുള്ള വസ്തുക്കൾ ആവശ്യം വരുന്നതുവരെ സൂക്ഷിച്ചു വെച്ചിരുന്നത് സുരക്ഷിത സ്ഥാനങ്ങളിലായിരുന്നു. ദൈവത്തിന്റെ ആത്മിക സമ്പാദ്യം കാണുവാൻ, അന്വേഷകൻ ദൈവത്തിന്റെ നിക്ഷേപം എവിടെ മറച്ചു വെച്ചിരിക്കുന്നുവോ, അവിടെ നോക്കണം.

ദൈവം സൂക്ഷിച്ചിരിക്കുന്ന ക്രിസ്തുവിന്റെ ഉപദേശങ്ങളെല്ലാം മനസിലാക്കുവാൻ കൊലൊസ്യർക്ക് കഴിയുമെന്നല്ല പൗലൊസ് അർത്ഥമാക്കിയത്. ക്രിസ്തുവിലുള്ള **എല്ലാ** "ജ്ഞാനവും," **പരിജ്ഞാനവും** (*നോസിസ്*) മറ്റൊരിടത്തും കാണുകയില്ല എന്നാണ്. അക്കാരണത്താൽ കൊലൊസ്യർ അതിനായി മറ്റെങ്ങും നോക്കരുതായിരുന്നു: അവർ ക്രിസ്തുവിനു മുൻപുള്ള ഉപദേശത്തിലേക്കോ അല്ലെങ്കിൽ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എഴുതിയിരിക്കുന്നതിനപ്പുറമായ ഉപദേശത്തിലേക്കോ തിരിയരുതായിരുന്നു.

### "വശീകരണവാക്കുകളാൽ ആരും നിങ്ങളെ ചതിക്കാതിരിക്കേണ്ടതിന്നു ഞാൻ ഉതു പറയുന്നു" (2:4)

ജ്ഞാനത്തിനും പരിജ്ഞാനത്തിനുമായി കൊലൊസ്യയിലുള്ളവർ മറ്റെങ്ങും നോക്കാതിരിപ്പാനായിരുന്നു പൗലൊസ് സഹോദരന്മാരോട് ഉറപ്പിച്ചു പറഞ്ഞത്. ക്രിസ്തു സ്ഥിരീകരിച്ച സത്യത്തിൽനിന്ന് മാറി വശീകരണ

വാക്കുകളാൽ ചതിക്കപ്പെടാതിരിക്കുന്നതിനുള്ള മുന്നറിയിപ്പും അവൻ ന ൽകിയിരുന്നു. ക്രിസ്ത്യാനികൾ പലപ്പോഴും ദുരുപദേഷ്ടാക്കളുടേയും, വാചാ ലമായ പ്രാസംഗികരുടേയും, വൈകാരികമായി ത്രസിപ്പിക്കുന്ന കാര്യപരിപാ ടികളുടേയും അപകടകരമായ ചതിയാൽ വഞ്ചിതരാകാറുണ്ട്. **ആരും** എന്നു പൗലൊസ് പറഞ്ഞിരിക്കുന്നതിനാൽ, പൗലൊസിന്റെ മനസിൽ പ്രത്യേകമായി ആരും ഇല്ലായിരുന്നു എന്നു സ്പഷ്ടം. യേശുവിന്റെ സന്ദേശത്തിനു വിരുദ്ധ മായി ഉപദേശിക്കുന്ന ആരെയും എന്നാണ് പൗലൊസ് അർത്ഥമാക്കിയത്. പ ൗലൊസ് പറഞ്ഞത് *ആരെങ്കിലും*, "ഞങ്ങൾ" ആകട്ടെ-അവനുൾപ്പെട്ട അപ്പൊ സ്തലന്മാർ-അല്ലെങ്കിൽ സ്വർഗത്തിൽനിന്നും ഒരു ദൂതനാകട്ടെ മറ്റൊരു സുവി ശേഷം അറിയിച്ചാൽ, അവൻ ശപിക്കപ്പെട്ടവനാകും എന്നാണ് (ഗലാ. 1:7, 8).

ആളുകൾ അവരുടെ ഉപദേശം തെറ്റാണെങ്കിലും, നല്ല-വശീകരണത്തി ലാണ് പ്രസംഗമെങ്കിൽ, ആളുകൾ ആകൃഷ്ടരായേക്കാം. ക്രിസ്ത്യാനികൾക്ക് അവരുടെ വിശ്വാസത്തിന് ശക്തമായ അടിസ്ഥാനമാണുള്ളത്, കാരണം പണി യുവാൻ തക്ക ശക്തമായ അടിസ്ഥാന സത്യമാണ് യേശു പഠിപ്പിച്ചത് (മത്താ. 7:24-27). ആളുകൾ ആഗ്രഹിക്കത്തക്ക വാദങ്ങളും പരിശീലനങ്ങളും ആളു കളെ വഴിതെറ്റിക്കുന്നതാണ് (2 തിമൊ. 4:3, 4). ക്രിസ്ത്യാനികൾ ഉപദേഷ്ടാ ക്കന്മാരുടെ രസകരമായ അവതരണത്തേക്കാൾ അതിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം. തന്റെ കേൾവിക്കാരെ മാനുഷ ജ്ഞാനത്താൽ വശീകരിപ്പാനോ, മനുഷ്യരെ പ്രീതിപ്പെടുത്തുവാനോ അല്ല താൻ ഉപദേശിച്ചത്, ക്രിസ്തുവിനെ, ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെത്തന്നെ എന്നാണ് പൗലൊസ് പറഞ്ഞത് (1 കൊ. 2:1, 2; 1 തെസ്സ. 2:5).

പ്രസംഗിച്ചും തനിക്ക് ആത്മാവിനാൽ ലഭിച്ച വെളിപ്പാടിനെ പ്രതിരോ ധിച്ചും പൗലൊസ്, തന്റെ ശുശ്രൂഷ നിറവേറ്റുകയായിരുന്നു. അവനെ അപ്പൊ സ്തലനായി തിരഞ്ഞെടുക്കുകയും സുവിശേഷം നൽകുകയും ചെയ്ത് യേശു അതിനു പ്രാപ്തനാക്കി (ഗലാ. 1:11, 12). സഭയോടുള്ള അവന്റെ ഉത്ത രവാദിത്തം അവൻ തിരിച്ചറിഞ്ഞിരുന്നു (കൊലൊ. 1:25). അത് ഈ ലേഖനം വായിച്ച കൊലൊസ്യർക്കും മറ്റുള്ളവർക്കും പരയോജനപ്പെടുകയും ചെയ്തു.

2:3-10 ലെ പ്രസ്താവനകൾ അതിനെ പണിയുവാനും ശേഷമുള്ള തന്റെ ലേഖനങ്ങളിൽ എല്ലാ ക്രിസ്ത്യാനികൾക്കും ആവശ്യമായ ക്രിസ്തുവിന്റെ ഉപദേശം ഉൾപ്പെടുന്ന ഉപസംഹാരമായിരുന്നു. ക്രിസ്ത്യാനികൾക്ക് ആവശ്യം ക്രിസ്തുവും അവന്റെ ഉപദേശവുമാണ്. നാം ഉപദേശത്തിന്റെ ഓരോ കാറ്റിനാ ൽ ഉലയുന്നവരാകരുത്, വാസ്തവത്തിൽ നമുക്ക് യേശു എന്ന ഏക ഗുരു മാത്രമാണുള്ളത്.

## അവന്റെ സന്തോഷം:<br>ക്രിസ്തുവിലുള്ള അവരുടെ വിശ്വാസം (2:5)

**5 ഞാൻ ശരീരംകൊണ്ട് ദൂരസ്ഥനെങ്കിലും ആത്മാവ് കൊണ്ടു നിങ്ങളോട് കൂടെയുള്ളവനായി നിങ്ങളുടെ ക്രമവും ക്രിസ്തുവിൽ നിങ്ങൾക്കുള്ള വിശ്വാസത്തിന്റെ സ്ഥിരതയും കണ്ടു സന്തോഷിക്കുന്നു.**

**"ശരീരം കൊണ്ട് ദൂരസ്ഥനെങ്കിലും,**
**ആത്മാവ് കൊണ്ട് നിങ്ങളോടുകൂടെയുള്ളവനായി" (2:5)**

**ശരീരം കൊണ്ട് ദൂരെയാണെങ്കിലും ആത്മാവ് കൊണ്ട് നിങ്ങളോടുകൂടെ ഉണ്ടെന്ന്** പറഞ്ഞു പൗലൊസ് തുടരുന്നു. ആ പ്രസ്താവനയാൽ പൗലൊസ് എന്താണ് അർത്ഥമാക്കിയത്?

വീട് വിട്ട് പോകുന്ന മകനോട്കൂടെ അപ്പൻ ഉണ്ടെന്നു പറയുന്നതുപോലെയാണോ പൗലൊസ് കൊലൊസ്യരോടുകൂടെ ഉണ്ട് എന്ന് പറയുന്നത്? പിതാവ് പറയും, "മോനേ, ഒരു ആളായി ഞാൻ നിന്നോടുകൂടെ ഇല്ലെങ്കിലും, ആത്മാവിൽ ഞാൻ നിന്നോടുകൂടെ ഉണ്ടാകും" എന്ന് അപ്പൻ പറഞ്ഞേക്കാം. ഇതുപോലെയുള്ള ഒരു പ്രസ്താവന പൗലൊസ് മറ്റൊരു ഭാഗത്ത് പറഞ്ഞിരിക്കുന്നു: "സഹോദരന്മാരേ, ഞങ്ങൾ അൽപനേരത്തേക്ക് ഹൃദയംകൊണ്ടല്ല, മുഖം കൊണ്ട് നിങ്ങളെ വിട്ടുപിരിഞ്ഞിട്ട് ബഹുകാംക്ഷയോടെ നിങ്ങളുടെ മുഖം കാണ്മാൻ ആശിച്ചു" (1 തെസ്സ. 2:17). സഹോദരന്മാരെ കുറിച്ച് അവനു ഒരു ദൈവികമായ ഉൾക്കാഴ്ച്ച ഉണ്ട് എന്നല്ല അവൻ അർത്ഥമാക്കിയത്, മറിച്ച് അവന് അവരോടുള്ള സമീപനവും സ്നേഹവുമാണ് അത് സൂചിപ്പിക്കുന്നത്.

എപ്പഫ്രാസ് നൽകിയ വിവരണം കാരണമാണോ അവൻ അവരോടൊപ്പം ആത്മാവിൽ ഉണ്ട് എന്നു പറയുവാൻ കാരണം (1:7, 8)? ക്ലോവയുടെ ആളുകളാലാണ് പൗലൊസിന് കൊരൃന്ത്യരെ കുറിച്ചുള്ള വിവരം ലഭിച്ചത് (1 കൊ. 1:11), അവരിൽനിന്ന് ഒരു എഴുത്തു മുഖാന്തരമോ (1 കൊ. 7:1), അല്ലെങ്കിൽ ഒരുപക്ഷെ മറ്റു രീതിയിലോ ആകാം വിവരം ലഭിച്ചത് (1 കൊ. 4:18; 5:1; 11:18; 15:12; 2 കൊ. 7:7; 10:10). മറ്റു ഇടവകകളിൽനിന്നുള്ള വിവരവും അവനു വിവിധ ഉറവിടങ്ങളിൽനിന്നു ലഭിച്ചിരുന്നു (റോമ. 1:8; 1 തെസ്സ. 1:8; 3:6). അത്തരം വിവരങ്ങൾ അവനെ അവരോട് കൂടുതൽ അടുപ്പിക്കുകയും, അതുകൊണ്ടാണോ അവരോട്കൂടെ ആത്മാവിൽ അവനുണ്ട് എന്നു അവനു പറയുവാൻ കഴിഞ്ഞതു?.

കൊലൊസ്യരുടെ ജീവിതങ്ങളെ കുറിച്ച് പൗലൊസിനു ദൈവം നേരിട്ടു ഉൾക്കാഴ്ച്ച നൽകിയോ? മുകളിൽ പറഞ്ഞ സാധ്യതകളല്ല പൗലൊസ് അർത്ഥമാക്കിയതെങ്കിൽ "നിങ്ങളുടെ ക്രമവും ക്രിസ്തുവിൽ നിങ്ങൾക്കുള്ള വിശ്വാസത്തിന്റെ സ്ഥിരതയും കണ്ടു സന്തോഷിക്കുന്നു" എന്നു പറയുവാൻ കാരണം എന്താണ് (വാ. 5)? എഴുത്താണ് അവൻ അർത്ഥമാക്കിയതെങ്കിൽ, ആത്മാവിൽ അവനു ദൈവസഹായത്താൽ, അവരുടെ ആത്മികമായ പ്രവൃത്തികളെ അറിയുവാൻ കഴിഞ്ഞു.

പൗലൊസിന് ദൈവികമായി വിവരങ്ങൾ ലഭിച്ചതായി മറ്റു വേദഭാഗങ്ങൾ സൂചന നൽകുന്നു (ഗലാ. 1:6; 6:12; ഫിലി. 4:2). 1 കൊരിന്ത്യർ 5:3 ൽ അവൻ പറഞ്ഞു, "ഞാനോ ശരീരം കൊണ്ട് ദൂരസ്ഥൻ എങ്കിലും ആത്മാവ് കൊണ്ട് കൂടെയുള്ളവനായി നിങ്ങളുടെ മദ്ധ്യേ ഇരിക്കുന്നു." ആത്മാവിൽ പൗലൊസിനു കൊരിന്ത്യരുടെ പ്രവൃത്തികളെ അറിയുവാൻ കഴിഞ്ഞിരുന്നു എന്ന് ഈ വേദഭാഗം വ്യാഖ്യാനിക്കുവാൻ കാരണമായിട്ടുണ്ട്. അക്കാരണത്താലാണ് ഒരു അമ്മയും മകനും തമ്മിലുള്ള ലൈംഗിക വേഴ്ച്ച അറിയുവാനും, അവർ തമ്മിലുള്ള ആ ബന്ധത്തെ സംബന്ധിച്ച് ഒരു തീരുമാനത്തിലെത്തുവാനും കഴിഞ്ഞത് എന്നുമാണ് അവരുടെ വ്യാഖ്യാനം.

**“നിങ്ങളുടെ ക്രമവും ക്രിസ്തുവിൽ നിങ്ങൾക്കുള്ള വിശ്വാസത്തിന്റെ സ്ഥിരതയും കണ്ടു സന്തോഷിക്കുന്നു” (2:5)**

പൗലൊസിനു ലഭിച്ച വിവരം എങ്ങനെയായാലും, [അവരുടെ] ക്രമവും **ക്രിസ്തുവിൽ** [അവർക്കുള്ള] **വിശ്വാസവും കണ്ടു അവൻ സന്തോഷിക്കും** എന്നാണ് പറഞ്ഞത്. അവരുടെ നല്ല ജീവിതം ആത്മാവിൽ കണ്ടതുകൊണ്ട് പൗലൊസിനു സന്തോഷിക്കുവാൻ കഴിഞ്ഞു. വിശ്വസ്തരായ ക്രിസ്ത്യാനികളുടെ ജീവിതം കണ്ടതിനാൽ അപ്പൊസ്തലനായിരുന്ന യോഹന്നാനും സന്തോഷിക്കുവാൻ കഴിഞ്ഞു. അവൻ പറഞ്ഞു, “എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല” (3 യോഹ. 4; 2 യോഹ. 4 നോക്കുക). ക്രിസ്ത്യാനികൾ ദൈവഭക്തിയോടും നീതിയോടും ജീവിക്കുന്നത് ദൈവത്തിന്റെ ഉപദേഷ്ടാവിനെ സന്തോഷഭരിതനാക്കും. നല്ല ദാസന്മാർക്ക് അവരുടെ വേലയുടെ ഫലം കണ്ട് സന്തോഷിക്കുവാൻ കഴിയും.

കൊലൊസ്യരുടെ നല്ല അച്ചടക്കവും (*ടാക്സിസ്*) ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ സ്ഥിരതയും (*സ്റ്റെരെയോമാ*) പൗലൊസിനു കാണുവാൻ കഴിഞ്ഞു. ആ രണ്ട് വാക്കുകളെ കുറിച്ച്, റോബർട്ട് ജി.ബ്രാച്ചറും യൂജിൻ ഏ. നിഡയും എഴുതി, “*ടാക്സിസ്* ഒരു സൈനിക വാക്കാണ്, അർത്ഥം, ‘ക്രമമായ റാങ്കുകൾ,’ ‘കോളംസ്’; *സ്റ്റെരെയോമാ*, അർത്ഥം, ‘ഉറപ്പ്,’ ‘ദൃഢത,’ സൈനിക സന്ദർഭങ്ങളിലും അത് ഉപയോഗിച്ചുവന്നിരുന്നു”[7] സൈനിക മേഖലക്കു പുറമെ, ആ വാക്കുകൾ പുരോഹിത ക്രമമെന്നും അർത്ഥമാക്കുന്നു (ലൂക്കൊ. 1:8; എബ്രാ. 5:6) അല്ലെങ്കിൽ ഭൗതിക ജീവിതത്തിൽ ശക്തിപ്പെടുന്നതിന് പ്രവൃത്തികൾ 3:7 ൽ ഉപയോഗിച്ചിരിക്കുന്നു.

ക്രിസ്തീയ സഭാ യോഗങ്ങളിൽ, രണ്ട് പ്രവൃ**ത്തികൾ ഒരേ സമയത്ത് ചെയ്യരുത് എന്ന് പറഞ്ഞ് പൗലൊസ് കൊരിന്ത്യരോട് നിർദ്ദേശിക്കുമ്പോൾ, *ടാക്സിസ്* എന്ന വാക്ക് ഉപയോഗിച്ചിരുന്നു. അത് അലങ്കോലമായിരിക്കും. പകരം, ആരാധനയുടെ ഭാഗങ്ങൾ ഓരോന്നും “ഉ**ചിതമായും ക്രമമായും” ആചരിക്കണം (1 കൊ. 14:40, ബന്ധപ്പെട്ട വാ. 27, 31). ഉപദേഷ്ടാവ് വചനം പ്രസംഗിക്കുമ്പോൾ മറ്റൊരാൾ പാട്ട് പാടിയാൽ അത് അലങ്കോലമാകും. കർത്തൃമേശ എടുക്കുമ്പോൾ പാട്ടു പാടുന്നതും അലോസരമായിരിക്കും. ആരാധനയിൽ ഒരു പ്രവൃത്തി മറ്റൊരു പ്രവൃത്തിയുമായി ഇടകലരുന്നത് “ക്രമ” (*ടാക്സിസ്*) വിരുദ്ധമായി തീരും

ക്രിസ്തീയ ജീവിതം ക്രമവും, ശക്തവും, നിയന്ത്രണവുമുള്ളതാകുവാനാണ് പൗലൊസ് ആഗ്രഹിച്ചത്. തന്റെ സ്വന്ത ജീവിതം ശക്തിപ്പെടുത്തുവാൻ ആഗ്രഹിച്ചതുപോലെ അവരുടെ ജീവിതവും ശക്തിപ്പെടണമെന്നാണ് അവൻ ആഗ്രഹിച്ചത്. അവൻ എഴുതി, “മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻ തന്നേ കൊള്ളരുതാത്തവനായി തീരാതിരിക്കേണ്ടതിന്നു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്” (1 കൊ. 9:27).

വിശ്വാസത്തിന് ഒരു അടിസ്ഥാനം ഉണ്ടായിരിക്കണം. അതു ഉപദേശമാകാം, മറ്റുള്ളവരാകാം, വാസ്തുക്കൾ ആകാം. ക്രിസ്തീയ വിശ്വാസം യേശുവിലാണ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്-അത് ഭൗതികമായ അനുഗ്രഹങ്ങൾക്ക് മാത്രമല്ല (മത്താ, 6:33), ആത്മികമായ അനുഗ്രഹങ്ങൾക്കു കൂടെയാണ് (എഫെ. 1:3). ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് അവനിൽ ഉള്ള വിശ്വാസത്തോടുകൂടിയാണ്, തുടരുന്നതും അവനിലുള്ള വിശ്വാസത്താലാണ്, ലക്ഷ്യപ്രാ

പ്തിയിലെത്തുന്നതും അവനിലുള്ള വിശ്വാസം നിമിത്തമാണ് (റോമ. 1:17). ക്രിസ്ത്യാനികളുടെ ജീവിതത്തിന്റേയും പ്രത്യാശയുടേയും കേന്ദ്രം ക്രിസ്തുവാണ് (യോഹ. 14:6); മറ്റൊരുത്തനിലും രക്ഷയില്ല (പ്രവൃ. 4:11, 12).

കൊലൊസ്യരെ കുറിച്ച് പൗലൊസ് മനസിലാക്കിയതിനാൽ, അവരുടെ വിശ്വാസം ആത്മാർത്ഥതയുള്ളതാണെന്നും, അവർ ക്ഷേമമായിരിക്കുന്നു വെന്നും അവൻ അറിഞ്ഞിരുന്നു. എങ്കിലും, ലോകസുഖങ്ങളാലോ, ആവേശകരമായ ചടങ്ങുകളാലോ, മാനുഷ തത്വസംഹിതകളാലോ, അല്ലെങ്കിൽ ഉത്തേജിപ്പിക്കുന്ന പ്രസംഗത്താലോ, ആരും അവരെ വഴിതെറ്റിക്കാതിരിപ്പാൻ അവൻ മുന്നറിയിക്കുകയുമുണ്ടായി. ചില ആളുകൾ സത്യത്തേക്കാൾ പ്രാധാന്യം വ്യക്തികൾക്കു നൽകുന്നതിനാൽ ചിലർ അതിൽ സ്വാധീനിക്കപ്പെടുവാൻ സാധ്യതയുള്ളതായി പറഞ്ഞിരിക്കുന്നു. ആത്മാർത്ഥതയുള്ള വിശ്വാസം എപ്പോഴും സൂക്ഷിക്കണം കാരണം അത് തുടർച്ചയായി വെല്ലുവിളികളെ നേരിടും.

കൊലൊസ്യരുടെ ആത്മിക-ക്ഷേമം ഉറപ്പിക്കുന്നതിനും, അവരെ പ്രോൽസാഹിപ്പിക്കുന്നതിനും പൗലൊസ് ശാരീരികമായി അവിടെ സന്നിഹിതനാകണം എന്നില്ലായിരുന്നു. അവൻ അവരോടുകൂടെ ഇല്ലാതിരുന്നപ്പോഴും, ആത്മാവിൽ അവരോടൊപ്പം ഇരുന്നു അവരുടെ ആത്മികാവശ്യങ്ങളെ അവൻ പരിഗണിച്ചിരുന്നു.

## അവന്റെ പ്രബോധനം: അവനെ കൈക്കൊണ്ടതുപോലെ ക്രിസ്തുവിൽ നടക്കുക (2:6)

**6 ആകയാൽ നിങ്ങൾ കർത്താവായ യേശുവിനെ കൈക്കൊണ്ടതുപോലെ, അവന്റെ കൂട്ടായ്മയിൽ നടപ്പിൻ.**

### "ആകയാൽ കർത്താവായ യേശുക്രിസ്തുവിനെ നിങ്ങൾ കൈക്കൊണ്ടതുപോലെ" (2:6)

**ആകയാൽ** (*ഔൺ*) ബന്ധിപ്പിക്കുന്നത് "ക്രിസ്തുവിലുള്ള ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങളും" എന്ന പ്രയോഗവുമായിട്ടാണ് (വാ. 3). ആ നിക്ഷേപങ്ങൾ അവർക്കുള്ളത് ക്രിസ്തുവിലാണെന്ന് അറിഞ്ഞ്, കൊലൊസ്യയിലുള്ളവർ അവനോട് പറ്റിച്ചേർന്ന് അവന്റെ ഉപദേശങ്ങൾ അനുസരിച്ച് ജീവിക്കണമായിരുന്നു. സകല സത്യത്തിന്റേയും ഉറവിടമായ, കർത്താവും മശിഹയും ആയി അവർ അവനെ കൈക്കൊണ്ടു, എന്നാൽ യേശുവിനെ കൈക്കൊള്ളുന്നതോടെ ദൈവത്തെ അനുസരിക്കുന്നത് അവസാനിക്കുന്നില്ല. മറിച്ച്, അത് ക്രിസ്തീയ നടപ്പിന്റെ ആരംഭം മാത്രമെ ആകുന്നുള്ളു. ക്രിസ്തീയ ജീവിതം ആരംഭിക്കുന്നതു മുതൽ അതിന്റെ വളർച്ച സ്ഥിരമായിരിക്കണം.

കൊലൊസ്യർ യേശുവിനെ കർത്താവായി കൈക്കൊണ്ടിരുന്നു; അവന് സകല ആത്മിക ജ്ഞാനവും, അറിയുവാനുള്ള സകല സത്യവും ഉണ്ടെന്ന് അവർ സമ്മതിച്ചിരുന്നു. അവനെ ദൈവം ക്രിസ്തുവായി അഭിഷേകം ചെയ്തത് സ്വർഗവും ഭൂമിയും വാഴുവാനായിട്ടായിരുന്നു (മത്താ. 28:18). യേശു ("ദൈവം രക്ഷിക്കുന്നവൻ"; മത്താ. 1:21), അവൻ മനുഷ്യരുടെ പാപങ്ങൾ

മോചിക്കുവാനുള്ള മുഖാന്തരമാണ്. കർത്താവെന്നു പറയുമ്പോൾ (റോമ. 10:9), അവൻ ഏക കർത്താവാണ് (എഫെ. 4:5) അവനെ അനുസരിക്കുകയും വേണം (ലൂക്കൊ. 6:46). അവന്റെ ഇഷ്ടത്തിനെതിരായി പ്രവർത്തിക്കുന്നവർ പാപത്തിന്റെ ദാസന്മാരായതിനാൽ, അവരെ "നശിപ്പിക്കും" (പ്രവൃ. 3:23). സുവിശേഷം ഹൃദയപൂർവ്വം അനുസരിച്ചപ്പോൾ, കൊലൊസ്യർ നീതിക്ക് ദാസന്മാരായിരുന്നു (റോമ. 6:17, 18).

പുതിയ ജീവിതത്തിലേക്കുള്ള അവരുടെ രൂപാന്തരം സംഭവിച്ചത് സ്നാനപ്പെട്ടപ്പോഴാണ്, അപ്പോഴാണ് അവർ യേശുവിന്റെ മരണം അടക്കം ഉയിർപ്പ് എന്നിവയിൽ പങ്കാളിയായി അവനോട് ചേർന്നത് (റോമ. 6:4). യേശുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റശേഷം (കൊലൊ. 2:12), അവനോടുകൂടെയുള്ള അവരുടെ കൂട്ടായ്മ തുടരുകയും പാപത്തോടുള്ള ബന്ധം അവസാനിപ്പിക്കുകയും വേണം (റോമ. 6:5, 6).

ഗ്രീക്ക് ക്രിയ *പാരാലാമ്പനോ* ("കൈക്കൊണ്ടു") എന്നതിന്റെ പൊതുവായ അർത്ഥം മറ്റൊരാൾ തരുന്നത് സ്വീകരിക്കുക എന്നാണ്.[8] എപ്പഫ്രാസ് കൊണ്ടുവന്ന സന്ദേശം മുഖാന്തരമാണ് കൊലൊസ്യർ യേശുവിനെ "കൈക്കൊണ്ടത്". അതിന്റെ ഫലമായിട്ടാണ് അവർ തങ്ങളുടെ ജീവിതം യേശുക്രിസ്തുവിൽ തുടർന്നത്. അവരുടെ ജീവിതത്തിന്റെ ആരംഭവും കേന്ദ്രവും അവൻ ആയിരുന്നു. അവന്റെ കൽപനകൾ പ്രമാണിച്ചുകൊണ്ടാണ് അവർ അവനിൽ തുടർന്നു ജീവിച്ചത് (1 യോഹ. 2:3). അവർ അവനി*ലും* അവനോടു*കൂടെ*യുമാണ് നടന്നിരുന്നത്. ക്രിസ്തീയ നടപ്പ് അവനുള്ളിലാണ്, അല്ലാതെ അവന് പുറത്തല്ല.

പിന്നീട് വരുവാനിടയുള്ള നോസ്റ്റിക്സുകാരുടെ ദുരുപദേശ ചിന്തകളെ നേരിടുവാനായിരിക്കാം ആത്മാവ് പൗലൊസ് മുഖാന്തരം ഈ സന്ദേശം നൽകിയത്. ഏ. ടി. റോബർട്ട്സൺ പറഞ്ഞു,

> സകല അധികാരത്തിന്റേയും ശക്തിയുടേയും, എല്ലാറ്റിന്റേയും കർത്താവാണ് അവൻ (എഫെ. 1:21). കൊരിന്ത്യയിലെ നോസ്റ്റിക്സുകാർ ഒന്നാം നൂറ്റാണ്ടിന്റെ അവസാനം, യേശു എന്ന *മനുഷ്യനും അയെയോ* ആണ് ക്രിസ്തു എന്ന വ്യക്തി സ്നാനപ്പെടുമ്പോൾ വരുന്നതും, ക്രൂശിൽ അവനെ വിട്ടു പോയതും തമ്മിൽ വേർതിരിച്ച് പഠിപ്പിച്ചിരുന്നു. ഒരുപക്ഷെ ഈ ഉപദേശം കൊലൊസ്യയിൽ പ്രചരിപ്പിച്ചിരുന്നേക്കാം. പൗലൊസ് ഇവിടെ യേശുവിനെയും, ക്രിസ്തു എന്ന വ്യക്തിയെയും മാത്രമല്ല ഊന്നി പറയുന്നത്, മശിഹാത്വം അവന്റെ മനസിൽ ഉണ്ടായാലും ഇല്ലെങ്കിലും, അവനിലെ കർത്തൃത്വത്തെയും അദ്ധ്യക്ഷനെയും എടുത്തു പറയുന്നു. വെറുമൊരു ഇതിഹാസ പുരുഷനെ അഥവാ ചരിത്രത്തിലില്ലാത്ത യേശുവിനെ അല്ല പൗലൊസ് പറയുന്നത്. ചരിത്രത്തിലെ യേശുവിനേയും അവനിലെ ദൈവത്തെയും ആളുകൾ സ്വീകരിച്ചിരുന്നു.[9]

വാക്യം 6 ലും 7 ലും അഞ്ചു രൂപകാലങ്കാരങ്ങൾ ഉപയോഗിച്ചിരിക്കുന്നു (1) യേശുവിൽ "നടക്കുക" എന്ന നിർദ്ദേശം പറയുന്നത് യേശു വഴി ആണ് എന്നത്രെ. (2) "വേരൂന്നി" എന്നത് ഒരു ചെടി പോഷണത്തിനും ശക്തിക്കും വേരുകൾ താഴേക്ക് വളരുന്നതിനെയാണ് ചിത്രീകരിക്കുന്നത്. (3) "പണിയുക" എന്നത് സൂചിപ്പിക്കുന്നത് നന്നായി-പണിയുന്ന കെട്ടിടത്തിന്റെ ശക്തിയെയാണ്. (4) "സ്ഥിരീകരിച്ചു" എന്നതിനർത്ഥം, അവരുടെ വിശ്വാസം അവരിൽ

ഉറപ്പിച്ചു എന്നാണ്. (5) "നിർദ്ദേശിച്ചു" എന്നത് മുൻപറഞ്ഞ നാല് പ്രവൃത്തികളും നേടുന്നതിനാവശ്യമായ വിവരങ്ങൾ അവർക്ക് ലഭിച്ചു എന്നാണ് വ്യക്തമാക്കുന്നത്.

ചുരുക്കത്തിൽ പൗലൊസിന്റെ പ്രബോധനം എന്തെന്നാൽ ...

നിങ്ങൾ ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ "അവനിൽ നടക്കുക" (വാ. 6).
വേരൂന്നി, "വളരുക" (വാ. 7).
നിങ്ങളോട് പറഞ്ഞതുപോലെ, "വിശ്വാസത്തിൽ സ്ഥിരപ്പെടുക" (വാ. 7).

**"അങ്ങനെ അവനിൽ നടക്കുക" (2:6)**

നടക്കുക (*പെരിപാറ്റെയോ*) എന്നത് അവൻ കടൽത്തീരത്ത് നടക്കുമ്പോൾ, യേശുവിന്റെ ശാരീരിക ചലനത്ത പറയുന്നു (മത്താ. 4:18). ആത്മികമായ അർത്ഥത്തിൽ, "നടക്കുക" എന്നു പറഞ്ഞാൽ ഒരു പ്രത്യേക പ്രതലത്തിൽ ഉയരുക എന്നാണ്. നടപ്പ് ഇരുട്ടിലും (യോഹ. 8:12), പകലിൽ അല്ലെങ്കിൽ രാത്രിയിലും (യോഹ. 11:9, 10), പ്രകാശത്തിലും (യോഹ. 12:35), ജീവന്റെ പുതുക്കത്തിലും (റോമ. 6:4), ജഡത്തെ അനുസരിച്ചും (റോമ. 8:4), വിശ്വാസത്താലും (2 കൊ. 5:7), ആത്മാവിനാലും (ഗലാ. 5:16), പാപത്തിലും (എഫെ. 2:1, 2), സൽപ്രവൃത്തിയിലും (എഫെ. 2:10), സ്നേഹത്തിലും (എഫെ. 5:2), ക്രമംകെട്ട രീതിയിലും (2 തെസ്സ. 3:11; കെജെവി), സത്യത്തിലും നടക്കാം (2 യോഹ. 4). ക്രിസ്തീയ ജീവിതത്തിലെ ചലനത്തെ സംബന്ധിച്ച്, പൗലൊസ് തന്റെ ലേഖനത്തിൽ "നടക്കുക" എന്നതിന്റെ ഗ്രീക്ക് വാക്ക് ഉപയോഗിച്ചിരിക്കുന്നു (1:10; 2:6; 3:7; 4:5; കെജെവി). വിശ്വാസത്തിൽ ഉറച്ചു നിൽപാൻ ക്രിസ്ത്യാനികളോട് പറഞ്ഞിരിക്കുന്നു ( 1 കൊ. 16:13), ക്രിസ്തുവിൽ സ്ഥിരോൽസാഹമായി നടക്കുവാനും പറയുന്നു, എന്നാൽ ഇരിക്കുവാൻ ഒരിക്കലും പറഞ്ഞിട്ടില്ല.

അവർ അവനെ കൈക്കൊണ്ടതുമുതലുള്ള അതേ വിശ്വാസത്തിലും ആശ്രയത്തിലും തന്നെയാണ് കൊലൊസ്യർ യേശുവിൽ നടക്കേണ്ടിയിരുന്നത്. അവനിൽ പ്രവേശിച്ചാൽ മാത്രമെ അവർക്കു അവനിൽ നടക്കുവാൻ കഴിയുമായിരുന്നുള്ളു. വിശ്വാസത്താൽ സ്നാനത്തിൽ അവർ അവനോടുകൂടെ അടക്കപ്പെട്ടതിന്റെ ഫലമായിട്ടാണ് അവനിൽ പ്രവേശിച്ചത് (റോമ. 6:3, 4; ഗലാ. 3:26, 27). ഒരിക്കൽ അവനിൽ ആയാൽ, അവൻ നടന്നതുപോലെ അവർ നടക്കേണ്ടതാകുന്നു (1 യോഹ. 1:6).

## അവന്റെ പ്രോൽസാഹനം: ക്രിസ്തുവിൽ വളരുക (2:7)

**7അവനിൽ വേരൂന്നിയും ആത്മികവർദ്ധന പ്രാപിച്ചും നിങ്ങൾക്ക് ഉപദേശിച്ചു തന്നതിന്ന് ഒത്തവണ്ണം വിശ്വാസത്താൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ.**

**"വേരൂന്നിയും ഉറെച്ചും" (2:7)**

ക്രിസ്ത്യാനികൾക്ക് ആവശ്യമുള്ളത് ചിത്രീകരിക്കുവാൻ, അവൻ മൂന്നു അനുബന്ധ ക്രിയകളാണ് ഉപയോഗിച്ചിരിക്കുന്നത്: **വേരൂന്നി**, "ആത്മിക

വർദ്ധന പ്രാപിക്കുക," "ഉറെക്കുക."

"വേരൂന്നി" (*എരിസോമെനോയി*, വരുന്നത് *ഹ്രിസൂ* വിൽനിന്നാണ്) അർത്ഥം, "വേര് വ്യാപിക്കുവാൻ കാരണമാകുക." ഉറെച്ചു നിൽക്കുക എന്ന തിന് ആ വാക്ക് ആലങ്കാരികമായി അടിക്കടി ഉപയോഗിച്ചിട്ടുണ്ട്. പുതിയ നിയമത്തിൽ ഇവിടെയും, എഫെസ്യർ 3:17 ലും മാത്രമാണ് കാണുന്നത്. "വേരൂന്നി" എന്ന പ്രയോഗത്തിന്റെ വ്യാകരണം പരിശോധിച്ചാൽ ഭൂതകാ ലത്ത് പൂർത്തിയാക്കിയ പ്രവൃത്തിയുടെ ഫലം ഇപ്പോഴും തുടരുന്നതായാണ് പറഞ്ഞിരിക്കുന്നത്. യേശുവിനെ കൈക്കൊണ്ട്, അവനിൽ പ്രവേശിച്ച പ ൗലൊസിന്റെ ശ്രോതാക്കൾ അവനിൽ വേരൂന്നി വളരണം. യേശുവിനോടുള്ള അവരുടെ ആ ബന്ധം തുടരുവാൻ അവർ അവനിൽ എപ്പോഴും വേരൂന്നി വളരണമായിരുന്നു.

മിക്ക ചെടികൾക്കും വളരുവാനും ഉറച്ചു നിൽപാനും രണ്ടു കാര്യങ്ങൾ ആവശ്യമാണ്. ആദ്യമായി, അവ നല്ല മണ്ണിലായിരിക്കണം വേര് വ്യാപിപ്പി ക്കേണ്ടത്. രണ്ടാമത്, അവയുടെ പോഷണത്തിന് ആവശ്യമായ ഘടകങ്ങൾ മണ്ണിൽ വേണം. ഉറപ്പിനും വളർച്ചക്കും വേരുകൾ വേണം. ക്രിസ്ത്യാനികൾ ക്രിസ്തുവിൽ പോഷണം ഉള്ളതിനാൽ അവർ അവനിൽ വേരൂന്നി വേണം വളരുവാൻ. നാം ശരിക്കും യേശുവിൽ വേരൂന്നിയാൽ പെട്ടെന്നു പറിഞ്ഞുപോ കയില്ല. കൊലൊസ്യർ തങ്ങളുടെ നട പ്പിൽനിന്നു വ്യതിചലിച്ചില്ലെങ്കിലും, പൗ ലൊസ് അവരെ പ്രോൽസാഹിപ്പിച്ചതു ആരംഭിച്ചതുപോലെ വളർന്നുകൊ ണ്ടിരിപ്പാനായിരുന്നു.

### "ഇപ്പോൾ ആത്മിക വർദ്ധന പ്രാപിച്ചും" (2:7)

ആത്മിക **വർദ്ധന പ്രാപിക്കുക** (*എപോയികോഡോമെമെനോയി*) എന്നത് ഒരു ഘടന നിർമ്മിക്കുക, ചില ഗുണങ്ങൾ വളർത്തുക, അല്ലെങ്കിൽ, പ്രത്യേക ഉദ്ദേശത്തിനായി അസംഖ്യം ആളുകളെ വളരുവാൻ സഹായിക്കുക എന്നർത്ഥം. മറ്റൊരാളുടെ പ്രവൃത്തി സഹകരണത്തോടെ പ്രായോഗികമാ ക്കുന്നതിനെയാണ് പൗലൊസ് സൂചിപ്പിച്ചിരിക്കുന്നത് (1 കൊ. 3:10–14). രൂപ കാലങ്കാരമായി എഫെസ്യർ 2:20 ൽ പറയുന്നത് മറ്റുള്ളവരെ യേശുവിന്റെ സഭയിലേക്ക് കൊണ്ടുവരുന്നതിനെയാണ്. ആത്മിക ഘടന പണിയുന്നതിന് പത്രൊസ് ഇതേ വാക്ക് ഉപയോഗിച്ചത് കാണാം (1 പത്രൊ. 2:5), യൂദയുടെ പു സ്തകത്തിൽ വിശ്വാസം വളർത്തുവാൻ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (യൂദാ 20).

വർത്തമാന അനുബന്ധ ക്രിയയായ "ആത്മിക വർദ്ധന വരുത്തുക" എന്നത് സൂചിപ്പിക്കുന്നത് തുടരുന്ന പ്രക്രിയയായിട്ടാണ്. കൊലൊസ്യർ ക്രിസ്തുവിൽ വേരുന്നി അങ്ങനെ തുടർച്ചയായി ആത്മിക വർദ്ധന വരുത്ത ണമായിരുന്നു. ആ അടിസ്ഥാനത്തിൽ അവർ ക്രിസ്തുവിൽ "വളർന്നുകൊ ണ്ടിരിക്കണം" എന്നർത്ഥം.

യേശക്രിസ്തു എന്ന മൂലക്കല്ലിന്മേലും, അപ്പൊസ്തലന്മാരും പ്രവാചക ന്മാരും എന്ന അടിസ്ഥാനത്തിന്മേൽ ക്രിസ്ത്യാനികൾ എന്ന ദൈവമന്ദിരത്തെ വളർത്തണം (1 കൊ. 3:9, 11; എഫെ. 2:20, 21). തലയാകുന്ന യേശുവിൽ നി ന്നു എന്തു ലഭിക്കുന്നുവോ, അവ നിമിത്തമാണ് സഭയിലെ അംഗങ്ങളായ ക്രിസ്ത്യാനികൾ പണിയുന്നത് (എഫെ. 4:12, 16; 1 തെസ്സ. 5:11; 1 പത്രൊ. 2:5). പക്വതയിലെത്തുവാൻ, ക്രിസ്ത്യാനികൾ അവനിൽ തന്നെ വസിക്കുകയും,

അവന്റെ പരിജ്ഞാനത്തിൽ പുതുക്കം പ്രാപിച്ചുകൊണ്ടിരിക്കുകയും വേണം (കൊലൊ. 3:10). ആത്മികമായ പക്വതക്ക്, ക്രിസ്തുവിനോടുള്ള ഭക്തിയും അടുത്ത ബന്ധവും അനിവാര്യമാണ്. **അവനിൽ** എന്നു പറഞ്ഞിരിക്കുന്നത് അർത്ഥമാക്കുന്നത്, ആത്മിയ ജീവിതത്തിന്റെ ഉറവിടവും, സഹോദരന്മാരെ വിശ്വാസത്തിൽ ഉറപ്പിക്കുന്ന കണ്ണിയും അവനാണ് എന്നത്രെ. അവനിൽ നാം ആത്മികവർദ്ധന പ്രാപിച്ചാൽ, നാം ശക്തി പ്രാപിക്കുകയും പെട്ടെന്ന് ആത്മികമായി നശിച്ചുപോകാതിരിക്കുകയും ചെയ്യും.

ആത്മികവർദ്ധനവ് യേശുവിൽനിന്നും വരുന്നതുകൊണ്ട്, കൊലൊസ്യർ അതിനായി മറ്റു ഉറവിടങ്ങളിലേക്ക് നോക്കേണ്ട ആവശ്യമില്ലായിരുന്നു. അവർ നട്ടത് എവിടെയാണോ അവിടെയാണ് വളർച്ചക്ക് ആവശ്യമായത് നോക്കുന്നത്. ക്രിസ്തുവിൽ വേരൂന്നുക എന്നാൽ വളർച്ചക്ക് അവനെ ആശ്രയിക്കുക എന്നർത്ഥം. യേശു എന്ന അടിസ്ഥാനം അവരുടെ ജീവിതത്തിന് ഇട്ടിരിക്കയാൽ, അവർക്ക് ആ അടിസ്ഥാനത്തിൽനിന്നു വീണ്ടും വീണ്ടും അവരുടെ ആത്മികവർദ്ധനവിന് ആവശ്യമായതെല്ലാം ലഭിക്കും (എബ്രാ. 6:1).

ആത്മിക വർദ്ധനവിന് വേറെ വല്ല മാർഗവുമുണ്ടോ? സഭാ ചടങ്ങുകളോ, വികാര-നിർഭരമായ വ്യായാമങ്ങൾ പരിശുദ്ധാത്മാവിന്റേതെന്ന പേരിൽ നടത്തുന്നതൊന്നും ആത്മികവർദ്ധനവ് വരുത്തുന്നില്ല. അത്തരം പ്രവൃത്തികൾ ആത്മിയമായി ചെയ്യുന്നവർ തിരിച്ചറിയേണ്ടത് എന്തെന്നാൽ സകല ആത്മിക വർദ്ധനവിന്റേയും ഉറവിടം ക്രിസ്തുവാണ് എന്നത്രെ.

### "നിങ്ങൾക്ക് ഉപദേശിച്ചു തന്നതിനൊത്തവണ്ണം വിശ്വാസത്തിൽ ഉറെച്ചു നിൽപിൻ" (2:7)

**ഉറെച്ചു** (*ബെബായിയോമെനോയി*) പ്രാഥമികമായി "സംശയാതീതമായി തെളിയിക്കുക" എന്നാണ് അർത്ഥം. പ്രസംഗിച്ച വചനം ഉറപ്പിച്ചത് അതിന് ഉദാഹരണമായി നമുക്ക് എടുക്കാവുന്നതാണ് (മർ. 16:20). വാഗ്ദാനങ്ങൾ വാസ്തവമാണെന്ന് തെളിയിക്കുന്നതിനും (റോമ. 15:8). ക്രിസ്തുവിനെ കുറിച്ചുള്ള സാക്ഷ്യം ഉറപ്പിക്കുവാനും (1 കൊ. 1:6). ഉപയോഗിച്ചിരിക്കുന്നു. പൗലൊസ് വാസ്തവത്തിലുള്ള അപ്പൊസ്തലനാണെന്ന് കൊരിന്ത്യരെ വിശ്വസിപ്പിക്കുവാൻ പരിശുദ്ധാത്മാവ് അത്ഭുതവരങ്ങൾ അവർക്ക് നൽകിയിരുന്നു (1 കൊ. 9:1, 2; 12:4-11; 2 കൊ. 12:12). "ഉറെച്ചു" എന്നത് ആളുകൾ തീരുമാനം എടുക്കുന്നതിനെ കുറിച്ചാണ് പറയുന്നത്, ഉദ്ദേശം തീർച്ചപ്പെടുത്തൽ (1 കൊ. 1:8; 2 കൊ. 1:21; എബ്രാ. 13:9).

കൊലൊസ്യർ, അവരെ ഉപദേശിച്ചിരുന്നതുപോലെ [ഏക] **വിശ്വാസത്തിൽ** ഉറച്ചിരുന്നു. "നിങ്ങളുടെ വിശ്വാസത്തിൽ" എന്നതിനു പകരം, ഗ്രീക്ക് വേദപുസ്തകത്തിൽ, 1:23 ലേതുപോലെ, *ടെ പിസ്റ്റെയി* എന്നാണ്, അർത്ഥം, "ഏക വിശ്വാസ (ത്തിൽ)" എന്നാണ്. "ഏക വിശ്വാസം" എന്നതുകൊണ്ട് പൗലൊസ് അർത്ഥമാക്കിയത് ക്രിസ്ത്യാനികൾ വിശ്വസിക്കുവാനായി ദൈവം വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവിന്റെ മുഴുവൻ ഉപദേശങ്ങളിലുമുള്ള വിശ്വാസം എന്നാണ്.

"ഉപദേശിച്ചു" (*ഡിഡാസ്കോ*) എന്നത് എന്തെങ്കിലും ചെയ്യുവാനുള്ള ഉപദേശത്തിനുള്ള സാധാരണവാക്കാണ് (മത്താ. 4:23; 28:15). ദൈവവചനത്തിൽനിന്ന് അവർക്കു ലഭിച്ച ഉപദേശത്തിൽ കൊലൊസ്യർ നിലനിൽക്കുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത് (റോമ. 10:17). അവർ കേട്ടതും പഠിച്ചതുമായ

സത്യത്തിൽ അവരുടെ വിശ്വാസം ഉറപ്പിക്കയും, അവർ ആത്മിയമായി ദൃഢ ബലത്തിൽ ഉപദേശത്തിൽ വളരുവാനായിരുന്നു അവൻ ഉപദേശിച്ചത്.

എപ്പഫ്രാസ് അവരെ ശരിയായിട്ടാണ് പഠിപ്പിച്ചത്. ആ ഉപദേശത്തിൽനിന്നു തെറ്റിപ്പോകാതിരിപ്പാൻ അവർ കേട്ടതും പഠിച്ചതുമായ ഉപദേശത്തിൽ സ്ഥിരപ്പെടേണമായിരുന്നു. അവർ ആത്മിക പക്വതയിലെത്തുവാൻ വേണ്ടതായ നിർദ്ദേശങ്ങൾ അവൻ നൽകിയിരുന്നു. അവർ തെറ്റായി ഉപദേശിക്കപ്പെട്ടതായി പൗലൊസിനു സംശയമില്ലായിരുന്നു, അതുപോലെ, അവരുടെ ജീവിതത്തെ സംബന്ധിച്ചും നിഷേധമായി ഒന്നുമില്ലായിരുന്നു. അവർ ആരംഭിച്ചത് തുടരുവാനും യേശു കാണിച്ചു തന്ന മാതൃക പിൻപറ്റി ആത്മികവർദ്ധന പ്രാപിപ്പാനുമായിരുന്നു അവൻ അവരെ പ്രബോധിപ്പിച്ചത്.

മനുഷ്യർക്ക് ജീവിക്കുവാൻ ദൈവവചനം ആവശ്യമാണ് (മത്താ. 4:4 നോക്കുക). എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാണെന്നും, അതിലുള്ള സത്യം ക്രിസ്ത്യാനികളെ "... സകല സൽപ്രവൃത്തിയിലും വക പ്രാപിച്ചു തികഞ്ഞവരാക്കുന്നതുമാണ്" എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (2 തിമൊ. 3:16, 17). അതുകൊണ്ടാണ് പൗലൊസ് തിമൊഥെയൊസിനോട് വചനം പ്രസംഗിപ്പാനും ഉപദേശിപ്പാനും പറഞ്ഞത് (1 തിമൊ. 4:11; 6:2; 2 തിമൊ. 2:2; 4:2). അതുമൂലമാണ് വളർച്ച വരുന്നതെന്നാണ് പത്രൊസ് പറഞ്ഞത് (1 പത്രൊ. 2:2). ക്രിസ്ത്യാനികൾക്ക് ആത്മികശക്തിയുടെ ഉറവിനും, പക്വതക്കും, ഉറപ്പിനും അടിസ്ഥാനമായുള്ളത് വചനമാണ് (എബ്രാ. 4:12).

പൗലൊസ് തന്റെ ശ്രോതാക്കൾക്ക് പുതിയ ഉപദേശം നൽകുകയായിരുന്നില്ല. ആവശ്യമുള്ള സത്യങ്ങൾ അവർക്ക് ലഭിച്ചിരുന്നു. പുതിയ ഉപദേശം അന്വേഷിക്കുന്നതിനുപകരം, അവർ ലഭിച്ച ഉപദേശത്തിൽ തങ്ങളുടെ ജീവിതം പണിയണമായിരുന്നു. അവർക്ക് ലഭിച്ച ഉപദേശത്തിനു വിരുദ്ധമായ ഏത് ഉപദേശവും ദുരുപദേശമാണ് (ഗലാ. 1:7, 8). യേശു വെളിപ്പെടുത്തിയ ഉപദേശത്തിനപ്പുറമായി നാം മറ്റൊരു ഉപദേശം തേടരുത്; മറിച്ച്, അവൻ പഠിപ്പിച്ച സത്യത്തിൽ വേരൂന്നി വളർന്ന് നാം പക്വത പ്രാപിക്കണം (എബ്രാ. 6:1).

### ''സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ" (2:7)

അവരുടെ വിശ്വാസത്തിന്റെ ലക്ഷ്യവും പ്രത്യാശയുടെ പ്രതീക്ഷയും നിത്യജീവനായിരുന്നു, അവരുടെ ഹൃദയങ്ങൾ നിറഞ്ഞു **കവിയണമായിരുന്നു** (*പെരിസെയുവോ*). വീണ്ടും, തുടർപ്രവൃത്തിക്കായി പൗലൊസ് ഉപയോഗിച്ചത് വർത്തമാന അനുബന്ധക്രിയയാണ്. **സ്തോത്രത്തിൽ** "നിറയുക," അല്ലെങ്കിൽ "കവിയുക" എന്നാണ് അവൻ അർത്ഥമാക്കിയത്. കൊലൊസ്യർ ദൈവത്തിന് സ്തോത്രം ചെയ്തുകൊണ്ടിരുന്നുവെങ്കിലും, അവർ അതു തുടർന്നുകൊണ്ടിരിപ്പാനാണ് പൗലൊസ് നിർദ്ദേശിച്ചത്.

സ്വർഗത്തിനായി നോക്കിപ്പാർത്തിരിക്കുന്നതിനു പുറമെ, കൊലൊസ്യർ തങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ, ദൈവഭക്തിയോടെ ജീവിച്ച്, പാപങ്ങളിൽനിന്നു മോചിതരായി യേശുവിനോടും സഹസഹോദരീസഹോദരങ്ങളോടുമുള്ള കൂട്ടായ്മയിൽ തന്നെ ആയിരുന്നതിനെല്ലാം നന്ദി പ്രകാശിപ്പിച്ചുകൊണ്ടിരിക്കണം എന്നർത്ഥം. ഈ അനുഗ്രഹങ്ങളെല്ലാം തങ്ങളുടെ സ്വന്ത കഴിവുകൾകൊണ്ട് ലഭിച്ചതല്ല, ദൈവത്തിൽനിന്നു ലഭിച്ചതാണ് എന്ന തിരിച്ചറിവാണ്, സകല അനുഗ്രഹങ്ങളുടേയും ഉറവിടമായ ദൈവത്തിനു നന്ദി പറയുവാൻ പ്രേരിപ്പിക്കുന്നത് (യാക്കൊ. 1:17). ക്രിസ്തു മുഖാന്തരം അവർക്ക്

ലഭിച്ചതെല്ലാം അവരുടെ ഹൃദയങ്ങൾ താഴ്മയോടെ സ്തോത്രത്തിൽ കവിയുവാൻ കാരണമാകുന്നു.

നന്ദിയാണ് നമ്മെ തൃപ്തിയിലേക്ക് നയിക്കുന്നത്, അതാണ് ഉറപ്പുള്ള സ്വാധീനം നൽകുന്നത്. തങ്ങൾക്ക് ഉള്ളതിൽ തൃപ്തിയുള്ളവർ തീർച്ചയായും അതിനെ പിടിച്ചുകൊള്ളും. മറ്റാർക്കും തൃപ്തിപ്പെടുത്തുവാൻ കഴിയാത്ത വിധത്തിൽ യേശുവിനു നമ്മെ തൃപ്തിപ്പെടുത്തുവാൻ കഴിയും (യോഹ. 4:14). അവരുടെ ആത്മികമായ ആവശ്യങ്ങൾക്കും, ഹൃദയങ്ങൾ സ്തോത്രത്തിൽ കവിയുവാനും കൊലൊസ്യർ മറ്റാരിലേക്കും നോക്കേണ്ട ആവശ്യമില്ലായിരുന്നു.

ഈ ഭാഗത്തെ വെല്ലുവിളി വ്യക്തമാണ്: സ്ഥായിയായ വളർച്ച കൊലൊസ്യരിൽനിന്നു പൗലൊസ് ആഗ്രഹിച്ചിരുന്നു. അത് ആർ. സി. ലൂക്കാസ് ചുരുക്കി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

> മൂന്നു വിധത്തിലുള്ള ക്ഷണത്തെ ഈ ഭാഗത്ത് പറയുന്നതിൽനിന്ന്, പൗലൊസ് അലംഭാവത്തിന്റെ സ്നേഹിതനായിരുന്നില്ല എന്ന് കാണിക്കുന്നു. സ്ഥിരമായ ഒരു ജീവിതത്തിനാണ് അവൻ തന്റെ ശ്രോതാക്കളെ ക്ഷണിക്കുന്നത്, ആത്മിയ നിറവിലെത്തുവാനും, പരിജ്ഞാനം ഗ്രഹിക്കുവാനുമായിരുന്നു. എന്നാൽ വാസ്തവത്തിലുള്ള വളർച്ച സംഭവിക്കുന്നത് രക്ഷിക്കുന്ന ക്രിസ്തുവിന്റെ സുവിശേഷം മുഖാന്തരമാണ് എന്നതാണ് സത്യം.[10]

## പ്രായോഗികത

### ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും ഉറവിടം, ക്രിസ്തുവാണ്

നമ്മുടെ ജീവിതം ക്രിസ്തുവിൽ പണിയേണ്ടതിന്റെ പ്രാധാന്യവും ക്രിസ്തുവിന്റെ അധികാരവും പൗലൊസ് വളരെ ശക്തമായി ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. നാം പൗലൊസിന്റെ മാതൃക പിൻപറ്റി ആളുകളെ യേശുവിന്റെ അനുയായികളാകുവാൻ പഠിപ്പിക്കുകയും വേണം.

പൗലൊസിനെ പോലെ, നാമും ആളുകളെ യേശുവിന്റെ പ്രാധാന്യത്തെ അവരുടെ ജീവിതത്തിൽ തിരിച്ചറിയുവാൻ യത്നിക്കേണ്ടതാണ്. അതിനർത്ഥം നാം സ്വീകരിക്കേണ്ടത് പൗലൊസിന്റെ അതേ ദിശ തന്നെയാണ്. പൗലൊസ് പോരാടിയത് ക്രിസ്ത്യാനികൾക്ക് താഴെ പറയുന്നവ ഉണ്ടാകേണ്ടതിനാണ്:

(1) *പ്രോൽസാഹിക്കപ്പെട്ട ഹൃദയങ്ങൾ*. സമർപ്പിക്കപ്പെട്ട ക്രിസ്ത്യാനികൾ അവരുടെ സജീവമായ വിശ്വാസത്തിന്റെ ഫലവും പുരോഗതിയും കാണുമ്പോൾ അവരുടെ ഹൃദയങ്ങൾ സന്തോഷിക്കും. തന്റെ പ്രയത്നഫലമായ ക്രിസ്ത്യാനികൾ സത്യത്തിൽ നടക്കുന്നത് കേട്ട് യോഹന്നാൻ സന്തോഷിച്ചിരുന്നു (3 യോഹ. 4).

സാഹചര്യങ്ങൾ പ്രതികൂലമാകുകയും, കാര്യങ്ങളെല്ലാം പരാജയപ്പെടുന്നു എന്നു തോന്നുകയും ചെയ്യുമ്പോൾ, ഹൃദയം എളുപ്പത്തിൽ കലങ്ങിപ്പോകും. താൽപര്യം നിലനിർത്തുവാൻ നമ്മുടെ ലക്ഷ്യത്തിൽ ശ്രദ്ധിക്കയും, അവസാനം നമ്മുടെ പരിശ്രമം ഫലം കാണുമെന്നു വിശ്വസിക്കയും ചെയ്യണം. "കർത്താവിൽ നമ്മുടെ പ്രയത്നം വ്യർഥാവല്ലെന്നു കരുതി," നാം യേശുവിനെ തുടർച്ചയായി സേവിക്കുവാനാണ് പൗലൊസ് എഴുതിയത് (1 കൊ. 15:58).

ഉപദ്രവങ്ങൾ വരുമ്പോൾ, നിരാശപ്പെടുന്നതിനു പകരം നാം ഉത്തേജിക്കപ്പെടുകയാണ് വേണ്ടത്, കാരണം അതിന്റെ അവസാനം നമുക്ക് അത് അനുഗ്രഹമായി തീരും: വളർച്ച സ്ഥിരോൽസാഹത്തിലും, സ്വഭാവത്തിലും, നീതിയിലുമാണ് ആവശ്യം (റോമ. 5:3, 4; യാക്കൊ. 1:2; എബ്രാ. 12:11). പരീക്ഷണങ്ങൾ അർത്ഥമാക്കുന്നത്, ദൈവം നമ്മെ സ്നേഹിക്കുന്നു എന്നും, തന്റെ നല്ല ഉപകരണങ്ങളായി ദൈവം ഉപയോഗിക്കുന്നു എന്നും തിരിച്ചറിയുക. "കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു എന്നിങ്ങനെ മക്കളോട് എന്നപോലെ നിങ്ങളോട് സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നു കളഞ്ഞുവോ?" (എബ്രാ. 12:6).

പൗലൊസിനു നേരിട്ട എല്ലാ പ്രതിസന്ധികളിലും, പ്രയാസങ്ങളിലും, ഉപദ്രവങ്ങളിലും അവൻ തകർന്നുപോയില്ല (2 കൊ. 4:1). പൗലൊസ് കഷ്ടതകളെ അഭിമുഖീകരിച്ച അവന്റെ ഉറപ്പ് നമുക്ക് പ്രചോദനം നൽകുന്നു: "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ് വിചാരിച്ചാൽ, ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു" (റോമ. 8:18). നമുക്ക് ലഭിക്കുവാനിരിക്കുന്ന രൂപാന്തരം ആണ് വാഗ്ദാനം ചെയ്തിരിക്കുന്ന തേജസ് (1 കൊ. 15:51, 52), അതായത് പുനരുത്ഥാനത്തിൽ, നാം ദൈവാനുരൂപമായി തീരും (ഫിലി. 3:21; 1 യോഹ. 3:2). ഈ ലോകത്തിൽ നാം കർത്താവിനെ സേവിച്ചതിന്റെ എല്ലാം ഫലം നമുക്ക് അന്ന് തിരിച്ചറിയാം. പൗലൊസ് എഴുതി, "നന്മ ചെയ്കയിൽ നാം മടുത്തു പോകരുത്; തളർന്നുപോകാഞ്ഞാൽ തക്കസമയത്ത് നാം കൊയ്യും" (ഗലാ. 6:9).

(2) *സ്നേഹം നിമിത്തമുള്ള അടുപ്പം.* ക്രിസ്ത്യാനികളായ നാം ആത്മിയമായി അടുപ്പത്തിലായിരിക്കണം. പൊതുവായ സ്നേഹബന്ധമാണ് നമ്മെ ഒന്നിപ്പിക്കുന്നത്. അടുത്ത ബന്ധത്തെ കാണിക്കുവാൻ പൗലൊസ് "നിറ്റ്" എന്ന ഇംഗ്ലീഷ് വാക്കാണ് ഉപയോഗിച്ചത്. തുണിക്കഷണങ്ങളെ നൂൽകൊണ്ട് യോജിപ്പിക്കുന്നതുപോലെ, ക്രിസ്ത്യാനികളെ സ്നേഹ ബന്ധത്താലാണ് യോജിപ്പിക്കുന്നത്. നാം വ്യക്തികളായി ഒറ്റക്കിരിക്കുകയല്ല വേണ്ടത്, പിന്നെയോ ക്രിസ്തീയ കൂട്ടായ്മയാൽ തുന്നിച്ചേർക്കപ്പെടണം. ക്രിസ്തീയ കുടുംബത്തെ മുഴുവനായും നമ്മെ ബന്ധിപ്പിക്കുന്ന കണ്ണിയാണ് സ്നേഹം.

ക്രിസ്തീയ സ്വഭാവത്തിൽ ഉന്നതമായതാണ് സ്നേഹം. സ്നേഹം ദൈവകൽപനയാണ് (യോഹ. 13:34). അത് എല്ലാ സ്വഭാവഗുണങ്ങളിലും വെച്ച് ഉയർന്നതാണ് (1 കൊ. 13:13). ദൈവം സ്നേഹമാണ്. നാം സ്നേഹിച്ചാൽ മാത്രമെ അവനെ പോലെ ആകുകയുള്ളു. നാം സ്നേഹിച്ചില്ലെങ്കിൽ, നാം ദൈവത്തെ അറിയുന്നില്ല കാരണം, അവൻ ദൈവം ആകുന്നു (1 യോഹ. 4:8).

(3) *വിവേകപൂർണ്ണതയുടെ മുഴുവൻ ഉറപ്പും എന്ന ധനം.* ഭൗതിക സമ്പത്ത് വിവേകത്താൽ ലഭിക്കുന്നതാണ് എന്നു പൗലൊസ് പറഞ്ഞില്ല. അത്തരം സമ്പത്താണ് ലോകം അന്വേഷിക്കുന്നത്. ആളുകൾ തങ്ങളുടെ ആത്മാക്കളെ പണത്തിനായി വിൽക്കുകയും പലവിധ പരീക്ഷണങ്ങളിൽ കുടുങ്ങി "സംഹാരനാശങ്ങളിൽ മുങ്ങി പോകവാൻ ഇടയാകുകയും ചെയ്യും" (1 തിമൊ. 6:9). ദ്രവ്യാഗ്രഹത്താൽ അനേകം പേർ നശിച്ചുപോയിട്ടുണ്ട്.

യേശു നൽകുന്ന വിവേകത്തിൽനിന്നു വരുന്നതാണ് ക്രിസ്ത്യാനികളുടെ സമ്പത്ത്. ശരിയായ ധനം എന്തെന്ന് മോശെ മനസിലാക്കിയിരുന്നു. ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതിനേക്കാൾ, "ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് അവൻ എണ്ണിയിരുന്നു" (എബ്രാ. 11:26). അവൻ

വാസ്തവത്തിലുള്ള പ്രതിഫലത്തെ നോക്കിയിരുന്നു എന്നും നമുക്ക് കാണാം. ശലോമോൻ എഴുതി, "താഴ്മക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനുമാകുന്നു" (സദൃശ. 22:4).

ധനത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് ശലോമോന് ഉൾക്കാഴ്ച്ച ലഭിച്ചിരുന്നു. അവൻ എഴുതി, "ദ്രവ്യപ്രിയന്നു ദ്രവ്യം കിട്ടിയിട്ടും ഐശ്വര്യപ്രിയന്നു ഐശ്വര്യം കിട്ടിയിട്ടും തൃപ്തി വരുന്നില്ല" (സഭാ. 5:10). ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ഫലം "വെള്ളിയിലും പൊന്നിലും, മേത്തരം വെള്ളിയിലും നല്ലത്" (സദൃശ. 8:19). ധനം സമ്പാദിക്കുന്നവർക്ക് അവൻ ഒരു പ്രബോധനം നൽകിയിരിക്കുന്നു:

> ധനവാനാകേണ്ടതിന്നു പണിപ്പെടരുത്; അതിന്നായുള്ള ബുദ്ധി
> വിട്ടുകളക. നിന്റെ ദൃഷ്ടി ധനത്തിന്മേൽ പതിക്കുന്നത് എന്തിന്?
> അത് ഇല്ലാതെയായി പോകുമല്ലൊ. കഴുകൻ
> ആകാശത്തേക്കെന്നപോലെ അത് ചിറകെടുത്തു പറന്നുകളയും
> (സദൃശ. 23:4)

ശരിയായ ആഗ്രഹം എന്നു പറയുന്നത് ധനമോ ദാരിദ്ര്യമോ അല്ല. രണ്ടും ഒരു വ്യക്തിയെ കർത്താവിൽനിന്നകറ്റും (സദൃശ. 30:8, 9). മറിച്ച്, നാം ആഗ്രഹിക്കേണ്ടത് ആത്മികമായ ധനവും, ക്രിസ്തു മുഖാന്തരം ലഭിക്കുന്ന ധനവുമാണ്.

(4) *ക്രിസ്തുവിലുള്ള പരിജ്ഞാനവും വിവേകവും.* യേശു മുഖാന്തരം മാത്രമാണ് ദൈവത്തിന്റെ പരിജ്ഞാനവും വിവേകവും വെളിപ്പെടുത്തിയിരിക്കുന്നത്. ലോകജ്ഞാനത്താൽ ദൈവത്തെ അറിയുവാൻ സാധ്യമല്ല എന്നാണ് പൗലൊസ് എഴുതിയിരിക്കുന്നത് (1 കൊ. 1:21). യേശുവിനേയും അവന്റെ ഉപദേശത്തെയും അറിയുന്നതാണ് ശരിയായ പരിജ്ഞാനം. അപ്പൊസ്തലനായ പൗലൊസിനെ പോലെ നമ്മുടേയും വിചാരം, ആളുകളെ "ക്രിസ്തുവിലുള്ള പരിജ്ഞാനവും വിവേകവും പ്രാപിപ്പാൻ" അവന്റെ അടുക്കലേക്ക് കൊണ്ടുവരിക എന്നതായിരിക്കണം.

(5) *ക്രിസ്തുവിലുള്ള വിശ്വസ്തത.* ക്രിസ്തുവിൽ നിക്ഷേപം ഉള്ളതുകൊണ്ട്, നാം മനുഷ്യരുടെ തത്വശാസ്ത്രത്തെയോ അവരുടെ ഉപദേശത്തെയോ സ്വീകരിക്കാതെ അവനോട് വിശ്വസ്തരായി ജീവിക്കണം. മാനുഷ ജ്ഞാനത്തിലേക്ക് നോക്കാതെ, യേശുവിലേക്ക് നോക്കുവാനാണ് പൗലൊസ് പറഞ്ഞത്, കാരണം കൊലൊസ്യർക്ക് ജ്ഞാനവും വിവേകവും ലഭിക്കുന്നത് യേശുവിൽനിന്നു മാത്രമാണ്.

ആത്മിയ പ്രതലത്തിൽ നമുക്ക് ആവശ്യമുള്ളതെല്ലാം ക്രിസ്തുവിൽ കാണാം. സകല ജ്ഞാനവും വിവേകവും അവനിൽ കാണാം. നാം സ്ഥിരോൽസാഹത്തിൽ ജീവിച്ച് അവനെ മുറുകെ പിടിച്ച് വേണം നമ്മെ പണിയുവാൻ, അവനിൽനിന്നു മാറി പോകയുമരുത്. നാം അവന്റെ ഭാഗമായി തീർന്നു കഴിഞ്ഞാൽ, ലോകത്തുള്ള ഒരു ശക്തിക്കും ഉപദേശത്തിനും നമ്മെ ക്രിസ്തുവിൽനിന്നും അകറ്റുവാൻ സാധ്യമല്ല.

**വിശ്വാസത്തിൽ വളരുക (2:1–5)**

യേശുവിൽ വലിയ നിക്ഷേപങ്ങളാണ് ഉള്ളത്. അവനിൽ ശക്തി പ്രാപിച്ച്, അവനോടുള്ള അടുത്ത ബന്ധത്തിൽ ലഭിക്കുന്ന ഉപകാരങ്ങളെല്ലാം ആസ്വദിച്ച്

തുടരുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. യേശുവിന്റെ അനുഗ്രഹസമ്പത്തുമായി താരതമ്മ്യം ചെയ്താൽ ലോകത്തിനു തരുവാനായി ഒന്നുമില്ല എന്നു കാണാം.

മറ്റുള്ളവരുടെ ക്ഷേമത്തെയാണ് പൗലൊസ് ചിന്തിച്ചിരുന്നത് (വാ. 1, 5). സഹോദരന്മാർ ക്രിസ്തുവിൽ തികവുള്ളവരായി തീരുവാനായിരുന്നു അവൻ ആഗ്രഹിച്ചത്, അത് വ്യക്തിപരമായ ആത്മികതയും ഉപദേശപരമായ നിർമ്മലതയുമായിട്ടാണ്.

ക്രിസ്തുവിന്റെ അനുയായികളെല്ലാം ആത്മികമായി പക്വതയിലെത്തുവാനാണ് ഓരോ സഭാദ്ധ്യക്ഷനും ആഗ്രഹിക്കേണ്ടത്. എഫെസ്യലേഖനത്തിൽ, പൗലൊസ് മൂപ്പന്മാരോട് നിർദ്ദേശിച്ചത്, ആളുകളെ ''വിശ്വാസത്തിലും ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള തികഞ്ഞ പുരുഷത്വവും സമ്പൂർണ്ണതയുടെ പ്രായത്തിന്റെ അളവും പ്രാപിക്കണം” എന്നാണ് (എഫെ. 4:13).

ആൺകുട്ടികൾക്ക് സാധാരണ ഉയരം വെക്കണമെന്നാണ് ആഗ്രഹം. ചിലപ്പോൾ, അവർ വളർന്നോ എന്നു പരിശോധിക്കുവാൻ അമ്മയപ്പന്മാരോട് ആവശ്യപ്പെടും. ഒരു കുട്ടി ചിലപ്പോൾ അൽപം അഹങ്കാരത്തോടെ ഉയരം കുറഞ്ഞവരുടെ തോളിനോട് ചേർന്ന് നിന്ന് താൻ അവനേക്കാൾ വലിയവനെന്ന് ബോധ്യപ്പെടുത്തുവാൻ ശ്രമിക്കും. വേറൊരു കുട്ടി ഉയരമുള്ള കുട്ടിയോട് ചേർന്നു നിന്നു താൻ ഇനി എത്രത്തോളം ഉയരേണ്ടതായിട്ടുണ്ട് എന്നു പരിശോധിക്കും.

തങ്ങളുടെ കഴിവുകൾ വർദ്ധിപ്പിക്കുവാൻ മറ്റു മനുഷ്യരോട് താരതമ്യം ചെയ്യുന്നതിനെ അദ്ധ്യക്ഷന്മാർ ഒരിക്കലും പ്രോൽസാഹിപ്പിക്കരുത്. സഹോദരന്മാർ വളർച്ച അളക്കേണ്ടത് യേശുവുമായിട്ടാണ്, എങ്കിൽ മാത്രമെ അവർക്ക് അവന്റെ സ്വഭാവത്തോട് അനുരൂപരായി തീരുവാൻ കഴിയുകയുള്ളു.

സഹക്രിസ്ത്യാനികളുടെ ആത്മികവളർച്ചക്കായി സന്തോഷത്തോടെ ത്യാഗമായി തീരുക എന്നതായിരുന്നു പൗലൊസിന്റെ മനോഭാവം (ഫിലി. 2:17). നല്ല അദ്ധ്യക്ഷന്മാർ ഇടവകയുടെ നന്മക്കായി തങ്ങളെത്തന്നെ സമർപ്പിക്കും.

ആത്മിക വിവേകവും അടുത്ത-ഐക്യതയുമായിരുന്നു പൗലൊസ് ആഗ്രഹിച്ചത് (വാ. 2). ക്രിസ്തീയ സമൂഹത്തിൽ സ്നേഹത്തിൽ വേരൂന്നി ഐകമത്യപ്പെടുവാനായിരുന്നു അവന്റെ മുഖ്യ ലക്ഷ്യം. സ്നേഹം “പഠിക്കയും” പഠിപ്പിക്കയും വേണം. യേശുവുമായുള്ള ബന്ധത്തിലാണ് അപ്പൊസ്തലന്മാർക്ക് സ്നേഹം ലഭിച്ചത് (യോഹ. 13:34). പൗലൊസ് തന്റെ സഹ ക്രിസ്ത്യാനികളെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു (1 കൊ. 10:14; 15:58; 16:24; 2 കൊ. 2:4). പൗലൊസ് ക്രിസ്തുവിന്റെ അനുകാരിയായിരുന്നതുകൊണ്ട്, അവന്റെ ശിഷ്യന്മാർക്ക് അവനെ അനുഗമിക്കുവാൻ കഴിഞ്ഞു (1 കൊ. 11:1). യോനാഥാൻ ദാവീദിനെ സ്നേഹിച്ചതുകൊണ്ട് അവനുവേണ്ടി ത്യാഗമായി തീർന്നത് ക്രിസ്ത്യാനികൾക്ക് അന്യോന്യം സ്നേഹിക്കുവാൻ മാതൃകയായി എടുക്കാം.

യേശുവിൽനിന്നു പഠിക്കുവാൻ നാം കൂടുതൽ സമയം ചെലവിടണം. പരിജ്ഞാനത്തിന്റേയും വിവേകത്തിന്റേയും വാസ്തവത്തിലുള്ള ഉറവിടം അവനാണ് (വാ. 3, 4).

### യേശുവിനെ മാത്രം നോക്കുക (2:6, 7)

ക്രിസ്ത്യാനികൾ യേശുവിൽ മാത്രമാണ് നടക്കേണ്ടത് (വാ. 6). കാരണം അവനാണ് പിതാവിങ്കലേക്കുള്ള ഏക വഴി (യോഹ. 14:6; പ്രവൃ. 4:12). അവനി

ൽ നടക്കുക എന്നാൽ, അവൻ നമുക്ക് തന്നിരിക്കുന്ന മാതൃകയനുസരിച്ച് നടക്കുക എന്നാണ് (1 യോഹ. 2:6). നാം യേശുവിന്റെ ജീവിതത്തെ നമ്മുടെ ജീവിതശൈലിയാക്കണം. വേറെ വിധത്തിൽ ജീവിക്കുന്നവർ യേശുവിലല്ല നടക്കുന്നത്.

നാം യേശുവിൽ വേരൂന്നി വളരണം (വാ. 7). ശക്തമായി ആഴത്തിൽ വേരൂന്നിയ വൃക്ഷം എത്ര കാറ്റടിച്ചാലും നിലനിൽക്കും. ദൈവവചനത്തെ ധ്യാനിക്കുന്നവൻ ആറ്ററികത്തു നട്ടിരിക്കുന്ന വൃക്ഷം പോലെയായിരിക്കും (സങ്കീ. 1:3). നമ്മുടെ ജീവിതത്തിൽ, ധാർമ്മികമായോ, ഉപദേശപരമായോ, നാം യേശുവിൽനിന്നും അകന്നുപോകുവാൻ നാം നമ്മെ അനുവദിക്കരുത് (1 കൊ. 15:58). യേശുവിനോടുള്ള സ്ഥിരമായ നമ്മുടെ ബന്ധത്തിൽനിന്നു നമ്മെ അകറ്റുവാൻ, സാത്താൻ ലോകത്താൽ തുടർച്ചയായി ആകർഷിച്ചുകൊണ്ടിരിക്കും (1 പത്രൊ. 5:8). ലോകത്തെയോ ലോകത്തിലുള്ളതിനെയോ സ്നേഹിക്കരുത് എന്നു യോഹന്നാൻ ക്രിസ്തുവിന്റെ അനുയായികളെ പ്രബോധിപ്പിച്ചു (1 യോഹ. 2:15–17).

---

കുറിപ്പുകൾ

[1]അതേ ഗ്രീക്ക് വാക്ക് ഫിലിപ്പിയർ 1:30; 1 തെസ്സലൊനിക്യർ 2:2; 1 തിമൊഥെയൊസ് 6:12; 2 തിമൊഥെയൊസ്. 4:7; എബ്രായർ. 12:1 ൽ കാണാം. [2]ഉദാഹരണത്തിന് നോക്കുക, പ്രവൃ. 20:31; 2 കൊ. 2:4; ഗലാ. 4:19; ഫിലി. 1:18; 1 തെസ്സ. 2:8. [3]ചില കയ്യെഴുത്തുപ്രതികളിൽ, "ഹിരാപൊലിസിലുള്ളവരും" എന്ന് ചേർത്തിരിക്കുന്നു. [4]ശമു. 16:7; 1 രാജാ. 8:39; ലൂക്കൊ. 16:15; പ്രവൃ. 1:24; റോമ. 8:27; വെളി. 2:23. [5]റോബർട്ട് സി. ബ്രാച്ചറും യൂജിൻ ഏ. നിഡായും, *ഏ ട്രാൻസ്ലേറ്റേഴ്സ് ഹാന്റ്ബുക്ക് ഓൺ പോൾസ് ലെറ്റേഴ്സ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ,* ഹെൽപ്സ് ഫോർ ട്രാൻസ്ലേറ്റേഴ്സ് (ന്യൂയോർക്ക്: യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്, 1977), 46. [6]എച്ച്. സി. ജി. മൗൾ, *ദ എപ്പിസ്റ്റിൽസ് ടു ദ കോലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ,* ദ കെയിംബ്രിഡ്ജ് ബൈബിൾ ഫോർ സ്ക്കൂൾസ് ആന്റ് കോളേജസ് (കെയിംബ്രിഡ്ജ്: യൂണിവേഴ്സിറ്റി പ്രസ്, 1893; റീപ്രിന്റ്, 1902), 97. [7]ബ്രാച്ചർ ആന്റ് നിഡാ, 48. [8]നോക്കുക, 1 കൊ. 11:23; 15:1, 3; ഗലാ. 1:9, 12; ഫിലി. 4:9; 1 തെസ്സ. 2:13; 4:1; 2 തെസ്സ. 3:6. [9]ഏ. ടി. റോബർട്ട്സൺ, *പോൾ ആന്റ് ദ ഇന്റലെക്ചൽസ്: ദ എപ്പിസ്റ്റിൽ ടു ദ കൊലൊഷ്യൻസ്,* റെവ. ആന്റ് എഡി. ഡബ്ലിയു. സി. സ്ട്രിക്ലാന്റ് (നാഷ്വിലേ: ബ്രോഡ്മാൻ പ്രസ്, 1959), 76. [10]ആർ. സി. ലൂക്കാസ്, ദ മെസ്സേജ് ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ: ഫുൾനെസ് ആന്റ് ഫിരീഡം. ദ ബൈബിൾ സ്പീക്സ് ടുഡേ (ഡൗണേഴ്സ് ഗ്രോവാ, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്, 1980), 93.